(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

എൽ.എഫ്.കെ.കെ.ഡി. പി8 /469/2013 .

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട് ജില്ല.
തീയതി: 13 -09 -2013

സീനിയർ ഡപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
കോഴിക്കോട് ജില്ലാപഞ്ചായത്ത്,

.

വിഷയം: **കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2011-12** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - അയയ്ക്കുന്നത് .

**************

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2011-12** സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫല മായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടി കൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1,-1, 2-1-2, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-10 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്.(1997 ലെ കേരളാ പഞ്ചായത്ത് രാജ്/കേരളാ മുനിസിപ്പാലിറ്റി - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും -ചട്ടങ്ങൾ 14,15)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർ ശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റു നിയമം സെക്ഷൻ 15(1) ചട്ടം 20,23 1997 ലെ കേരളാ പഞ്ചായത്ത്രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1),(2) എന്നിവ കാണുക.

വിശ്വസ്തതയോടെ

സീനിയർ ഡപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

പകർപ്പ്:1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടേറിയറ്റ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3. കാര്യാലയ പ്രതി

LOCAL FUND AUDIT DEPARTMENT

എൽ.എഫ്.കെ.കെ.ഡി.പി8/469/2013 .

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട് ജില്ല.
തീയതി: 13-09-2013.

## കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2011-12 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുളള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം 215 (4) ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13 ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).**

LOCAL FUND AUDIT DEPARTMENT

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ.ജോസഫ് മാത്യു, സീനിയർ ഡപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഓഫീസ് , കോഴിക്കോട്.

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2011-12 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ജില്ലാ പഞ്ചായത്ത് 18-12-2011 മുതൽ 07.10.2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 08-10-2012 മുതൽ 31-03-2013 വരെ | 2011-12 സാമ്പത്തിക വർഷത്തെ വരവുചെലവു | ശ്രീ.സി.രാജൻ, ശ്രീ.എം.മനോഹരൻ, ഓഡിറ്റ് ഓഫീസർമാർ |

| | | |
|---|---|---|
| | കണക്കുകൾ | ശ്രീമതി.രബിത ടി.പി<br>ശ്രീമതി.ഷൈനി.പി } ഓഡിറ്റർമാർ |

**നിർവ്വഹണാധികാരികൾ**

| | |
|---|---|
| **പ്രസിഡന്റ്** | 1) ശ്രീമതി.കാനത്തിൽ ജമീല, 01-04-2011 മുതൽ 30-03-2012 വരെ |
| **സെക്രട്ടറി** | 1) ശ്രീമതി.കെ.കെ.വാസന്തി, 01.04.2011 മുതൽ 01.05.2011 വരെ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>(അഡീഷണൽ ചാർജ്ജ്)<br>2) ശ്രീ.വി.പി.ജയാനന്ദ് 02.05.2011 മുതൽ 16.01.2012 വരെ<br>3) ശ്രീ.സി.രാജൻ, 17.01.12 മുതൽ 31.03.12 വരെ<br>പ്രൊജക്ട് ഡയറക്ടർ<br>പി.എ.യു(അഡീഷണൽ ചാർജ്ജ്) |

LOCAL FUND AUDIT DEPARTMENT

**ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

## ഭാഗം 1 : പൊതു അവലോകനം

1-1 വാർഷിക കണക്ക്

1-2 രജിസ്റ്റർ സൂക്ഷിപ്പ്

1-3 മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാത്തത്

1-4 പദ്ധതി അവലോകനം

1-5 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മ

1-6 ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനം.

## ഭാഗം 2 : വരവിനങ്ങളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1-1 : ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റ് - തവണസംഖ്യ ഈടാക്കുന്നതിൽ വീഴ്ച.

2-1-2 : ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റ് - തവണസംഖ്യയും പലിശയും അടവാക്കിയതിൽ കുറവ്.

2-1-3 : ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റ് -ബൈലോയുടെ ലംഘനം.

2-2 : തിക്കോടി സീഡ്ഫാം - തെങ്ങിൻതൈകളുടെ വില ഈടാക്കിയില്ല.

2-3) : കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുള്ള വരവുകൾ ജില്ലാപഞ്ചായത്തിൽ അടവാക്കുന്നില്ല.

2-4) : വാർഷിക കണക്ക് അപാകതകൾ.

## ഭാഗം 3 : ചെലവിനങ്ങളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1)മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം നിശ്ചിത പരിധിയിലും കുറവായതിനാൽ ഫണ്ട് നഷ്ടം.

3-2) ഖാദി നൂൽനൂൽപ്പ് കേന്ദ്രങ്ങളിൽ ഉപകരണങ്ങൾ വാങ്ങി നൽകിയതിലെ ക്രമക്കേടുകൾ .

3-3) റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് ഫർണ്ണിച്ചർ വാങ്ങിയത് സർക്കാർ ഉത്തര വിന് വിരുദ്ധം.

3-4)നിർമ്മൽ പദ്ധതി - സമ്പൂർണ്ണ ശുചിത്വം - പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് ചെലവഴിച്ച തുക പാഴാവുന്നു.

3-5) മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത തുക ചെലവഴിച്ചില്ല - വിനിയോഗിക്കാത്ത തുക ജില്ലാ പഞ്ചായത്ത് ചെലവിൽ ഉൾപ്പെടുത്തി.

3-6) എസ്.എസ്.എ, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് കൈമാറിയ തുക - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് .

3-7)കൂത്താളി ഫാം ട്രെയിനിംഗ് സെന്ററിന്റെ പഴയ കെട്ടിടം റിപ്പയർ പ്രവൃത്തി - നവീകരിച്ച സീലിംഗ് പൊളിഞ്ഞു വീണതു മൂലം നഷ്ടം.

3-8)സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

3-9) നിർമ്മൽ പദ്ധതി - സ്കൂളുകളിൽ ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

3-10) പേരാമ്പ്ര വിത്തുല്പാദന കേന്ദ്രം- നിർമ്മാണം പൂർത്തീകരിച്ച ഓഫീസ് കം സീഡ് സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല.

3-11) കൂത്താളി ഫാം സൂപ്രണ്ട് ക്വാർട്ടേഴ്സ് ലക്ഷങ്ങൾ ചെലവഴിച്ച് അറ്റകുറ്റപ്പണി പ്രവൃത്തി പൂർത്തിയായെങ്കിലും ക്വാർട്ടേഴ്സ് പ്രയോജനപ്പെടുത്തുന്നില്ല.

LOCAL FUND AUDIT DEPARTMENT

3-12) റോഡ് അഭിവൃദ്ധിപ്പെടുത്തൽ - ടാറിംഗിന് അധിക നിരക്ക് നൽകി.

3-13)വെള്ളികുളങ്ങര - ഒഞ്ചിയം , കണ്ണൂക്കര മാടക്കര റോഡ് - പ്രവൃത്തി നിർവ്വഹ ണത്തിലെ അപാകതകൾ.

3-14)പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയതിൽ കുറവ്.

3-15)മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത.

3-16)മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം.

3-17) തിക്കോടി തെങ്ങിൻതൈ നഴ്സറിയിലെ വിവിധ മെയിന്റനൻസ് പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകത മൂലം ചെലവ് തുക പാഴാവുന്നു.

3-18) ആവള കുട്ടോത്ത് ഗവ.ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം - മിച്ചം വന്ന മണ്ണ് ലേലം ചെയ്തില്ല.

3-19) സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3-20) പേരാമ്പ്ര വിത്തുല്പാദന കേന്ദ്രത്തിൽ യന്ത്ര ഷെഡ് നിർമ്മാണം -ഷെഡിന്റെ ഷട്ടർ തകർന്ന നിലയിൽ.

3-21) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - ഫണ്ട് വിനിയോഗത്തിലെ അപാകത.

3-22) മാതൃകാ പുൽകൃഷിത്തോട്ടം (വനിത) ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന് രേഖകളില്ല.

3-23) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി - സാക്ഷരത (ഉണർവ്വ്) അപാകതകൾ.

3-24) എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം - വിതരണം ചെയ്തതിന് രേഖയില്ല - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

3-25) പേരാമ്പ്ര വനിതാ ഹോസ്റ്റൽ നടത്തിപ്പ് -ബൈലോയിലെ വ്യവസ്ഥകൾ പാലിക്കു ന്നില്ല.

3-26) പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ പദ്ധതി- നിർവ്വഹണ ത്തിൽ വീഴ്ച.

3-27) വർഷങ്ങൾ കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

3-28) മുൻകൂറുകൾ ക്രമീകരിച്ചില്ല.

3-29) പാലിയേറ്റീവ് കെയർ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.

3-30)കൂൺകൃഷിയും -കൂൺ വിത്തുല്പാദനവും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

3-31)ചെലവ് രേഖകൾ ഹാജരാക്കിയില്ല - 2,77,476/ രൂപ നിരാകരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## ഭാഗം 1
## പൊതു അവലോകനം

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2011-12 വർഷത്തെ ബജറ്റ് 25.03.11 ൽ കൂടിയ പഞ്ചായത്ത് യോഗത്തിലെ 17/11 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 68,51,94,000/ രൂപയും ആകെ ചെലവ് 62,76,91,000/ രൂപയും ആണ്. (25.08.11 ലെ 43/11 തീരുമാനം പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് 94,17,88,000/ രൂപയും ചെലവ് 82,69,74,000/ രൂപയുമാണ്.)ഓഡിറ്റിന് സമർപ്പിച്ച വരവ്ചെലവ് പത്രിക പ്രകാരം 2011-12 വർഷത്തെ ആകെ വരവ് 53,83,15,443/ രൂപയും ആകെ ചെലവ് 48,27,26, 415/ രൂപയും ആണ്.

മേൽ പറഞ്ഞ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 3,45,781/ രൂപ വരവിനങ്ങളിൽ നഷ്ടമുണ്ടായതായും 13,16,232/ രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്തവിധത്തിൽ ചെലവു ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 8,81,75,058/ രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റിന്റെ ഭാഗമായി വിവിധ പ്രൊജക്ടുകളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ച്, അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് 70 ഓഡിറ്റ് എൻക്വയറികൾ നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകി. ഇതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചു. ലഭ്യമാക്കിയ തൃപ്തികരമായ മറുപടിയുടെ അടിസ്ഥാനത്തിൽ എൻക്വയറികളിൽ ചൂണ്ടിക്കാണിച്ചിരുന്ന പല തടസ്സവാദങ്ങളും ഒഴിവാക്കുകയും ശേഷിക്കുന്നവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

### അടിയന്തിര നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങൾ

- ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റ് -പ്ലോട്ടുകളുടെ തവണ സംഖ്യ 96.10 ലക്ഷം രൂപയും,പലിശ 3.45 ലക്ഷം രൂപയും ഈടാക്കുന്നതിൽ കുടിശ്ശിക. (ഖണ്ഡിക 2-1-1, 2-1-2)
- ഖാദി നൂൽനൂൽപ്പ് കേന്ദ്രങ്ങളിൽ ഉപകരണങ്ങൾ വാങ്ങി നൽകിയതിലെ ക്രമക്കേടുകൾ (ഖണ്ഡിക 3-2)
- സർക്കാർ ഉത്തരവിന് വിരുദ്ധമായി റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതത്തിൽ 12.36 ലക്ഷം രൂപ ഉപയോഗിച്ച് ഫർണ്ണിച്ചർ വാങ്ങി.(ഖണ്ഡിക 3-3)
- പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് പ്രവർത്തനമാരംഭിക്കാത്തതിനാൽ ചെലവഴിച്ച 6.22 ലക്ഷം രൂപ പാഴാവുന്നു. (ഖണ്ഡിക 3-4)
- മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത തുക ചെലവഴിച്ചില്ല. വിനിയോഗിക്കാത്ത തുക ജില്ലാപഞ്ചായത്ത് ചെലവിൽ ഉൾപ്പെടുത്തി. (ഖണ്ഡിക 3-5)
- കൂത്താളി ഫാം ട്രെയിനിംഗ് സെന്ററിന്റെ പഴയ കെട്ടിടത്തിന്റെ നവീകരിച്ച സീലിംഗ് പൊളിഞ്ഞു വീണതുമൂലം 9.53 ലക്ഷം രൂപ നഷ്ടം. (ഖണ്ഡിക 3-7)
- സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചുവെങ്കിലും പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ 16.92 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. (ഖണ്ഡിക 3-8)
- പേരാമ്പ്ര വിത്തുല്പാദന കേന്ദ്രത്തിൽ 23.44 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച ഓഫീസ് കം സീഡ് സ്റ്റോർ പ്രവർത്തനമാരംഭിച്ചില്ല. (ഖണ്ഡിക 3-10)

LOCAL FUND AUDIT DEPARTMENT

## 1-1) വാർഷിക കണക്ക്:

2011-12 ലെ വാർഷിക കണക്ക് 25.06.2012 ലെ ജില്ലാ പഞ്ചായത്ത് തീരുമാനം നമ്പർ 45/12(1) പ്രകാരം അംഗീകരിച്ച് 20.07.12 ന് ഓഡിറ്റിന് സമർപ്പിച്ചു. ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2011-12 വർഷത്തെ ആകെ വരവ് 53,83,15,443/ രൂപയും ആകെ ചെലവ് 48,27,26,415/ രൂപയുമാണ്. 01.11.11 മുതൽ സ്ഥാപനത്തിൽ അക്രൂവൽ അടിസ്ഥാനത്തിലാണ് വരവുചെലവു കണക്കുകൾ സൂക്ഷിക്കുന്നത്. ഇത് സംബന്ധിച്ച അപാകതകൾ ഖണ്ഡിക 2-4 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-2) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:

സർക്കാർ നിർദ്ദേശ പ്രകാരം സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകളൊന്നും തന്നെ കൃത്യമായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

i) 01.05.11 മുതൽ31.10.11 വരെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി കാലയളവിൽ ചെക്കുകളും ഡി.ഡി.കളും മുഖേന വരവു വന്ന തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

ii) ഡപ്പോസിറ്റ് രജിസ്റ്റർ, വരവു രജിസ്റ്റർ, ബിൽ രജിസ്റ്റർ, ഗവ.ഡ്യൂസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

iii) അഡ്വാൻസ് രജിസ്റ്ററിൽ വർഷാവസാനം സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

iv അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ പ്രൊജക്ടിന്റെ വിശദാംശം, ബിൽ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. തീയതിയും തുകയും മാത്രമാണ് രേഖപ്പെടുത്തുന്നത്.

രജിസ്റ്ററുകൾ ശരിയായ രിതിയിൽ എഴുതി തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 1-3)തീർപ്പാക്കാത്ത മുൻ ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം:

1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാനാവശ്യമായ മറുപടി ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4) പദ്ധതി അവലോകനം:

തൻവർഷം 220 പുതിയ പ്രൊജക്ടുകളും 160 സ്പിൽ ഓവർ പ്രൊജക്ടുകളും ഉൾപ്പെടെ 380 പ്രൊജക്ടുകൾക്ക് ഡി.പി.സി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 295 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നുമായി പദ്ധതി നിർവ്വഹണത്തിന് 1,04,76,32,909/ രൂപ വകയിരുത്തുകയും 48,27,26,415/ രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭ്യമായ ഫണ്ടിന്റെ വരവുചെലവു സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

**I) വികസന ഫണ്ട്**

| വിഭാഗം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | 7,25,39,020 | *18,42,82,834 | 25,68,21,854 | 17,14,30,850 | 8,53,91,004 | 67% |
| എസ്.സി.പി | 2,07,55,472 | **7,13,61,000 | 9,21,16,472 | 6,62,62,717 | 2,58,53,755 | 72% |
| ടി.എസ്.പി | 16,44,484 | 52,53,000 | 68,97,484 | 50,59,000 | 18,38,484 | 73% |

* വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ വരവായി കാണിച്ച 18,42,82,834 രൂപയിൽ 17,73,08,000/ രൂപ ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള വികസന ഫണ്ട് വരവും,, 5,00,000/ രൂപ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വരവും , 64,74,834/ രൂപ മുൻ വർഷങ്ങളിൽ നബാർഡ് പ്രവൃത്തികൾക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക തിരികെ ലഭിച്ചതുമാണ്.

** വികസന ഫണ്ട് എസ്.സി.പി. വിഭാഗത്തിൽ വരവായി കാണിച്ച 7,13,61,000/ രൂപയിൽ 7,08,61,000/ രൂപ ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള വരവും 5,00,000/ രൂപ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുമാണ്.

**II)മെയിന്റനൻസ് ഗ്രാന്റ്**

| വിഭാഗം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| റോഡ് | 32,21,767 | 15,58,96,000 | 15,91,17,767 | 6,85,72,013 | 9,05,45,754 | 43% |
| നോൺ റോഡ് | 2,47,95,046 | 2,29,97,000 | 4,77,92,046 | 2,28,04,723 | 2,49,87,323 | 48% |

പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ പ്രധാനപ്പെട്ട ക്രമക്കേടുകൾ താഴെ കൊടുക്കുന്നു.

മെയിന്റനൻസ് ഗ്രാന്റിനത്തിൽ നിശ്ചിത പരിധിയിലും കുറഞ്ഞ തുക ചെലവഴിച്ചതിനാൽ ഈയിനത്തിൽ 3,27,69,152/രൂപ 2013-14 ൽ ജില്ലാ പഞ്ചായത്തിന് നഷ്ടമാകുന്നതാണ്. (ഖണ്ഡിക 3-1 കാണുക).

ജില്ലാ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള നൂൽനൂൽപ്പു കേന്ദ്രങ്ങളിലേക്ക് 14,50,000/ രൂപ വികസന ഫണ്ട് ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയതിലെ ക്രമക്കേടുകൾ ഖണ്ഡിക (3-2) ആയി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.സർക്കാർ ഉത്തരവിനു

LOCAL FUND AUDIT DEPARTMENT

വിരുദ്ധമായി 12,36,142/ രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡു വിഹിതം വിനിയോഗിച്ച് ഫർണ്ണിച്ചർ വാങ്ങിയതു സംബന്ധിച്ച പരാമർശം ഖണ്ഡിക (3-3) ആയി ഉൾപ്പെടുത്തി യിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന് നിർമ്മൽ പുരസ്കാരമായി ലഭിച്ച തുകയിൽ 6,22,763/ രൂപ ചെലവഴിച്ച് സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മെഷീൻ വാങ്ങിയെങ്കിലും ഇൻസ്റ്റലേഷൻ പ്രവൃത്തി പൂർത്തിയാക്കാ ത്തതിനാൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ ചെലവു തുക പാഴാകുന്നു.
(ഖണ്ഡിക 3-4 കാണുക)

മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും വിവിധ പദ്ധതി കൾക്കായി കൈമാറിയ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാതെ കൈമാറിയ തുക മുഴുവനും ചെലവായി രേഖപ്പെടുത്തി ചെലവു തുക ഉയർത്തി കാണിക്കുന്നത് ശരി യായ നടപടിയല്ല(ഖണ്ഡിക 3-5, 3-6 കാണുക).

കോഴിക്കോട് ജില്ലയിലെ 42 സർക്കാർ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 16,92,894/ രൂപ ചെലവഴിച്ചു വെങ്കിലും തുടർ മോണിറ്ററിംഗ് ഫലപ്രദമല്ലാത്തതിനാൽ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല (ഖണ്ഡിക 3-8 കാണുക).

ജില്ലാ പഞ്ചായത്തിനു കീഴിലുള്ള 70 സ്കൂളുകളിൽ ഗേൾഫ്രണ്ട്ലി ടോയ്ലറ്റ് സ്ഥാപിക്കുന്നതിന് 24,50,000/ രൂപ ചെലവഴിച്ചുവെങ്കിലും പ്രൊജക്ട് ലക്ഷ്യം കൈവ രിച്ചില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകത ഖണ്ഡിക (3-9) ആയി ഉൾപ്പെടുത്തിയി ട്ടുണ്ട്.

പേരാമ്പ്ര വിത്തുൽപ്പാദന കേന്ദ്രത്തിൽ 23,44,654/ രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച ഓഫീസ് കം സീഡ്സ്റ്റോർ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല (ഖണ്ഡിക 3-10 കാണുക). കൂത്താളി ഫാം സൂപ്രണ്ട് ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി നടത്തി താമസയോഗ്യമാക്കിയെങ്കിലും കെട്ടിടം താമസത്തിനായി ഉപയോഗപ്പെടുത്താത്തതിനാൽ ചെലവു തുക 2,18,033/ രൂപ പാഴാ കുന്നതു സംബന്ധിച്ച് ഖണ്ഡിക (3-11) ആയി പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

സംയുക്ത പ്രൊജക്ടുകൾക്ക് തുക അനുവദിക്കുമ്പോൾ ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയേക്കാൾ അധികം തുക നൽകുന്നത് വികസന ഫണ്ടിന്റെ ദുരുപയോഗമാണ് (ഖണ്ഡിക 3-21 കാണുക).

ജില്ലാപഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി വിഹിതം അനുവദിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥർ ആയത് ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുകയും ചെയ്യുന്ന രീതിയാണ് മിക്ക പദ്ധതികളിലും അനുവർത്തിച്ചു കാണുന്നത്. പദ്ധതി തുക കൈമാറുന്നതല്ലാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ജില്ലാപഞ്ചായത്തോ നിർവ്വഹണ ഉദ്യോഗസ്ഥരോ നിർവ്വഹിക്കുന്നില്ല. ഇതുമൂലം പല പദ്ധതികളുടേയും ലക്ഷ്യം കൈവരിക്കപ്പെടാതെ പദ്ധതി തുക പാഴാകുന്നു. പദ്ധതി നടത്തിപ്പു സംബന്ധിച്ച് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും പദ്ധതി നടത്തിപ്പിലെ പോരായ്മകൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

**<u>1-5)ആഭ്യന്തര നിയന്ത്രണസംവിധാനം -ഓഫീസ് നടപടിക്രമം - കാര്യക്ഷമമല്ല:</u>**

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ജില്ലാപഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഫൈനാൻസ് ഓഫീസർ, 2 ജൂനിയർ സൂപ്രണ്ടുമാർ, 1 ഹെഡ് ക്ലാർക്ക് എന്നിവരുടെ മേൽനോട്ടത്തിൽ 13 ക്ലാർക്കുമാരും പ്രവർത്തിക്കുന്നു. എന്നാൽ ഓഫീസ് ഭരണസംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിൽ താഴെ കൊടുത്തിരിക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമല്ല.

<u>1. പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

ജില്ലാപഞ്ചായത്തിന്റെ ഓഫീസ് ഉത്തരവ് നം. 10/11 തീയതി 30.06.11 പ്രകാരം ഓഫീസ് നടപടിക്രമങ്ങളുടെ മാന്വൽ അനുസരിച്ചുള്ള എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കാനും പരിശോധനക്ക് സമർപ്പിക്കാനും എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിരുന്നെങ്കിലും പി2, പി3, പി7 എന്നീ സെക്ഷനുകൾ മാത്രമാണ് പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ഇവ സൂപ്പർവിഷൻ ചാർജ്ജുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന തപാലുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് ഇതുമൂലം ഉറപ്പു വരുത്താൻ സാധിക്കുന്നില്ല.

LOCAL FUND AUDIT DEPARTMENT

**2. തപാലുകളുടെ വിതരണം ഉറപ്പു വരുത്തുന്നില്ല:**

മേൽ ഓഫീസ് ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് ദിവസവും വിതരണ രജിസ്റ്റർ പരിശോധിച്ച് രജിസ്റ്റർ ചെയ്ത തപാലുകൾ അതാത് സെക്ഷനുകൾക്ക് കൈമാറി എന്നുറപ്പു വരുത്തേണ്ടതുണ്ടെങ്കിലും പല തപാലുകളും സെക്ഷനുകൾ സ്വീകരിച്ച് വിതരണ രജിസ്റ്ററിൽ ഒപ്പു വെച്ചതായി കാണുന്നില്ല. തപാലുകൾ ജീവനക്കാർ കൈപ്പറ്റി എന്നത് ഉറപ്പുവരുത്തേണ്ടത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

**3. ജില്ലാ പഞ്ചായത്തിന' കീഴിലുള്ള ഫാമുകളിൽ നിന്നുള്ള വരവിന്റെ കൃത്യത പരിശോധിക്കുന്നില്ല.**

LOCAL FUND AUDIT DEPARTMENT

ജില്ലാ പഞ്ചായത്തിന' കീഴിലുള്ള തിക്കോടി തെങ്ങിൻതൈ നഴ്സറി, കൂത്താളി കൃഷിഫാം, പേരാമ്പ്ര വിത്തുൽപാദന കേന്ദ്രം, പുതുപ്പാടി വിത്തുൽപാദന കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ നിന്നും വിറ്റഴിച്ച ഉൽപ്പന്നങ്ങളുടെ വിലയിനത്തിൽ 18.65 ലക്ഷം രൂപ ലഭിക്കാൻ ബാക്കിയുണ്ടെങ്കിലും ഇത് സംബന്ധിച്ച യാതൊരു കണക്കും ജില്ലാപഞ്ചായത്തിൽ ലഭ്യമല്ല. ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ യഥാസമയം ജില്ലാപഞ്ചായത്തിൽ അടവാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും തുക പിരിച്ചെടുക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താനുമുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം ഇല്ല.

മേൽ വിഷയത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കേണ്ടതാണ്.

**1-6) ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനം:**

വിവിധ മരാമത്ത് പ്രവൃത്തികൾക്കായി 9,94,255/- രൂപ അഡ്വാൻസ്/പാർട്ട്ബില്ലായി വിവിധ ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിവരെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.(ഖണ്ഡിക നം: 3-16 കാണുക)

## ഭാഗം -2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1) ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റ് - പ്ലോട്ടുകളുടെ തവണ സംഖ്യ - ഈടാക്കുന്നതിൽ വീഴ്ച 96.10 ലക്ഷം രൂപ കുടിശ്ശിക

ചെറുവണ്ണൂർ-നല്ലളം വില്ലേജിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി 2000-01 വർഷം 4.82 കോടി രൂപ ചെലവഴിച്ച് 9.72 ഏക്കർ സ്ഥലം വാങ്ങുകയും, എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായികൾക്ക് വില്പന നടത്തുന്നതിനും ഹയർ പർച്ചേസിനും നൽകുന്നതിനുള്ള നിയമാവലി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.05.07 ലെ സ.ഉ.(സാധാ) നം.1566/07 തസ്വഭവ പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിയമാവലി ഖണ്ഡികകൾ 14, 15, 16, 17 എന്നിവ അനുസരിച്ച് തവണ വ്യവസ്ഥയിൽ ഭൂമി ലഭിക്കുന്ന അലോട്ടി ഭൂമി കൈവശപ്പെടുത്തുന്നതിനു മുമ്പായി നിർണ്ണയിക്കുന്ന വിലയുടെ 20% തുക അടയ്ക്കേണ്ടതും ബാക്കി വരുന്ന തുക 9% വാർഷിക പലിശ നിരക്കിൽ 10 വാർഷിക ഗഡുക്കളായി 10 വർഷത്തെ കാലപരിധിക്കുള്ളിൽ അടച്ചു തീർക്കേണ്ടതുമാണ്. ആദ്യഗഡു ഭൂമി കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ ഒരു വർഷം തികയുന്ന ദിവസവും തുടർന്നു വരുന്ന ഓരോ ഗഡുവും ഓരോ വർഷവും അതേ തീയതിക്കു മുമ്പായി അടച്ചിരിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നപക്ഷം 2% നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ പ്ലോട്ടുകളുടെ വില ഈടാക്കുന്ന രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ 29 പ്ലോട്ടുകളുടെ ഉടമകൾ നിയമാവലിക്കു വിരുദ്ധമായി രണ്ടും മൂന്നും തവണ സംഖ്യകൾ അടവാക്കുന്നതിൽ വീഴ്ച വരുത്തി യതായി കാണന്നു. ഈയിനത്തിൽ 31.03.2013 വരെ 96.10 ലക്ഷം രൂപ കുടിശ്ശിക യിന ത്തിൽ പിരിച്ചെടുക്കാനുണ്ട്. (വിശദവിവരം ഈ റിപ്പോർട്ടിലെ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു).

LOCAL FUND AUDIT DEPARTMENT

നിയമാവലി ഖണ്ഡിക 22 പ്രകാരം, കുടിശ്ശിക വരുത്തിയിട്ടുള്ളതായ തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും, കുടിശ്ശിക വരുത്തിയ പ്ലോട്ടുടമകളിൽ നിന്ന് തുക ഈടാക്കുന്നതിന് ജില്ലാപഞ്ചായത്ത് ചുമതലപ്പെടുത്തിയ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ യാതൊരു നിയമനടപടികളും സ്വീകരിച്ചിട്ടില്ല. തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-1-2) തവണ സംഖ്യയിനത്തിലും പലിശയിനത്തിലും തുക ഈടാക്കിയതിൽ 3,45,781/ രൂപയുടെ കുറവ്:

പ്ലോട്ടു വിലയുടെ 20% തുക മുൻകൂറായി ഈടാക്കിയതിൽ ശേഷിക്കുന്ന തുക ഈടാക്കുന്നതിന്റെ വിശദാംശം പരിശോധിച്ചതിൽ തവണ സംഖ്യയും പലിശയും (9%) ഈടാക്കിയതിൽ കുറവ് വന്നതായി കണ്ടെത്തി. മുതൽ ഇനത്തിൽ 2,36,334/ രൂപയുടേ യും പലിശയിനത്തിൽ 1,09,447 രൂപയുടേയും കുറവാണ് ഉള്ളത്. വിശദ വിവരം **അനുബന്ധം II** ആയി ചേർത്തിരിക്കുന്നു. തവണസംഖ്യ പലിശയും നിശ്ചയിച്ച് ഈടാക്കി യതിൽ ജില്ലാപഞ്ചായത്ത് ചുമതലപ്പെടുത്തിയ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ വീഴ്ച വരുത്തിയിട്ടുണ്ട്. തവണസംഖ്യയിനത്തിലും പലിശയിനത്തിലും ഈടാക്കാനവശേഷിക്കു ന്ന തുക ഉടൻതന്നെ ഈടാക്കി അറിയിക്കേണ്ടതാണ്.

**2-1-3) അംഗീകരിച്ച ബൈലോയിൽ നിന്നുള്ള വ്യതിചലനം:**

ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായികൾക്ക് വില്പന നടത്തുന്നതിനും, ഹയർ പർച്ചേസിനും നൽകുന്നതിനുള്ള നിയമാവലി പ്രകാരം പ്ലോട്ടുകൾ വ്യവസായികൾക്ക് അനുവദിച്ചു നൽകിയതിൽ താഴെ പറയും പ്രകാരം ബൈലോയിലെ വ്യവസ്ഥകളുടെ ലംഘനം നടത്തിയിട്ടുണ്ട്.

1)നിയമാവലിയിലെ വ്യവസ്ഥ 8(ഡി) അനുസരിച്ച്, ഒരു വർഷത്തിനകമോ, ജില്ലാ പഞ്ചാ യത്ത് അനുവദിക്കുന്ന സമയപരിധിക്കകത്തോ പ്ലോട്ടിൽ വ്യവസായം തുടങ്ങാൻ അലോ ട്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരുന്നാൽ ജില്ലാ പഞ്ചായത്ത് പ്ലോട്ട് തിരിച്ചെടു ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് ടീം 11.02.13 ന് നടത്തിയ സ്ഥലപരിശോധനയിൽ 4,5,8,9,13,33,36 പ്ലോട്ട് ഉടമകൾ പ്ലോട്ടുകളിൽ നാളിതുവരെയായി പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ലെന്നു കണ്ടു.

2) വ്യവസ്ഥ 10 അനുസരിച്ച് ഒരു വ്യവസായിക്ക് ഒരു പ്ലോട്ട് മാത്രമാണ് അനുവദിക്കാ വുന്നത് എന്നും വ്യവസായത്തിന്റെ പ്രത്യേകതകൾ അനുസരിച്ച് ആവശ്യമെങ്കിൽ ഒരു പ്ലോട്ടുകൂടി അനുവദിക്കാവുന്നതാണ്. എന്നാൽ മധു സി.ജി എന്ന അലോട്ടിയ്ക്ക് 16,17,18 എന്നീ മൂന്ന് പ്ലോട്ടുകൾ അനുവദിച്ചതായി കാണുന്നു.

3)വ്യവസ്ഥ 11(ഇ) അനുസരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി അധികമായി തുക ചെലവഴിക്കേണ്ടി വന്നാൽ ആ തുക കൂടി ചേർത്ത്, അലോട്ടിയ്ക്ക് അനുവദിച്ച സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി ഭൂമിയുടെ വില പുനർ നിർണ്ണയം ചെയ്യേണ്ടതാണ്. എന്നാൽ പ്ലോട്ട് അനുവദിച്ച് നാളിതുവരെയായി ഭൂമി വിലയിൽ മാറ്റം

LOCAL FUND AUDIT DEPARTMENT

വരുത്തിയിട്ടില്ല. ഉദാഹരണത്തിന് ഓഡിറ്റ് വർഷം വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണം നടത്തിയ "വ്യവസായ കേന്ദ്രത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ" എന്ന പ്രൊജക്ടിനായി (പ്രൊജക്ട് നമ്പർ 51/12) 55357/29.03.12 ചെക്ക് പ്രകാരം (തനതുഫണ്ട്) 1,83,825/ രൂപ ചെലവഴിച്ചിട്ടുണ്ട്.

4)നിയമാവലിയിലെ 14,15,16,17 വ്യവസ്ഥകളിൽ, അലോട്ടി ഭൂമി കൈവശപ്പെടുത്തുന്നതിന് മുമ്പായി ഭൂമി വിലയുടെ 20% തുക മുൻകൂറായി അടവാക്കേണ്ടതും ബാക്കി വരുന്ന 80% തുക 9% വാർഷിക പലിശ നിരക്കിൽ 10 വാർഷിക ഗഡുക്കളായി 10 വർഷത്തെ കാല പരിധിക്കുള്ളിൽ അടച്ചുതീർക്കേണ്ടതും വീഴ്ച വരുത്തുന്നപക്ഷം 2% നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ 29 പ്ലോട്ടുടമകൾ 20% അഡ്വാൻസ് തുക അടച്ച് പ്ലോട്ടുകൾ കൈവശപ്പെടുത്തിയ ശേഷം തുകയുടെ ഒരു ഗഡു പോലും അടവാക്കിയിട്ടില്ല. (ഖണ്ഡിക 2-1-1 കാണുക) ബൈലോയിൽ നിന്നും വ്യതിചലിച്ച് പ്ലോട്ടുകൾ നൽകിയതും പ്ലോട്ടുകളുടെ വില ഈടാക്കാത്തതും ഗൗരവമായ വീഴ്ചയാണ്. മേൽ വിഷയത്തിൽ ജില്ലാപഞ്ചായത്ത് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2)തിക്കോടി തെങ്ങിൻതൈ നഴ്സറിയിൽ നിന്നും വിതരണം ചെയ്ത തെങ്ങിൻതൈകളുടെ വില - 18,65,489/- രൂപ ഈടാക്കിയില്ല:

തിക്കോടി തെങ്ങിൻതൈ നഴ്സറിയിൽ ഉൽപ്പാദിപ്പിക്കുന്ന തെങ്ങിൻതൈകൾ കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് പുറമെ കണ്ണൂർ, കാസർഗോഡ്, വയനാട്, കൊല്ലം തുടങ്ങിയ ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർക്കും വിതരണം ചെയ്യുന്നുണ്ട്. എന്നാൽ വിതരണം ചെയ്യുന്ന തൈകളുടെ വില മുഴുവൻ ഈടാക്കുന്നുണ്ടോ എന്നുറപ്പു വരുത്താൻ സ്ഥാപനത്തിനു കഴിയുന്നില്ല. വില ഈടാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. 2009-10 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ വിലയായി 18,65,489/ രൂപ ലഭിക്കാനുണ്ടെന്ന് ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, തെങ്ങിൻതൈ വിതരണ രജിസ്റ്റർ, രശീതികൾ, മറ്റ് അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ വ്യക്തമാകുന്നു. കിട്ടാൻ ബാക്കിയുള്ള തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു(വിശദ വിവരം **അനുബന്ധം - III** ൽ ചേർത്തിട്ടുണ്ട്.)

| വർഷം | തുക |
|---|---|

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| 2009-10 | 69000 |
| 2010-11 | 1258881 |
| 2011-12 | 227008 |
| 2012-13 | 310600 |
| **ആകെ** | **18,65,489** |

ജില്ലാ പഞ്ചായത്തിൽ വരവായി ലഭിക്കേണ്ട തുകകൾ യഥാസമയം പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ തുക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3)കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുള്ള വരവുകൾ ജില്ലാപഞ്ചായത്തിൽ അടവാക്കുന്നില്ല.

കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കല്ലാച്ചി, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കൊയിലാണ്ടി എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ നിലവിൽ സർക്കാരിലേക്ക് അടവാക്കുകയാണ് ചെയ്യുന്നത്. ജി.ഒ.(ആർ.ടി) 677/03/തസ്വഭവ തീ: 27.02.03 പ്രകാരം കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ വസ്തു വകകളിൽ നിന്നുള്ള വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനമാണ്. ഇക്കാര്യം 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും ഇപ്പോഴും അപാകത പരിഹരിച്ചിട്ടില്ല . വരുമാനം അടവാക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിനായി കല്ലാച്ചി ജി.സി.ഐ സൂപ്രണ്ട് 21.11.08 ലെ ജി.സി.ഐ കെ.വൈ.162/08 നം. കത്ത് പ്രകാരം വിഷയം സാങ്കേതിക വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടു വരികയും 11.05.09 ന് സർക്കാരിലേക്ക് കത്തെഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിനു ശേഷം ഈ വിഷയത്തിൽ തുടർ നടപടികളൊന്നുമുണ്ടായിട്ടില്ല. മുകളിൽ കൊടുത്ത സർക്കാർ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായ ത്തിന് കീഴിലുള്ള മേൽ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ ജില്ലാപഞ്ചായത്തിൽ അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4) വാർഷിക കണക്ക് - അപാകതകൾ:

ജില്ലാ പഞ്ചായത്തിന്റെ 2011-12 വർഷത്തെ വാർഷിക കണക്ക്, സാംഖ്യാധിഷ്ഠിത രീതിയിൽ തയ്യാറാക്കിയത് , ലഭ്യമായ റിപ്പോർട്ടുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

LOCAL FUND AUDIT DEPARTMENT

1)01.04.11 ലെ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയതിൽ ആസ്തി ഭാഗത്ത് സ്ഥിരാസ്തികൾ ഉൾക്കൊള്ളിച്ചിട്ടില്ല.

2)ക്യാഷ്ബുക്ക് പ്രകാരം 31.03.2011 ലെ വികസന ഫണ്ട് നിക്കിയിരിപ്പ് 17,78,55,003/ രൂപയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 17,46,90,319/ രൂപയുമാണ്. വരവു ചെലവ് പത്രികയിൽ വികസന ഫണ്ട് മുൻബാക്കിയായി 18,04,67,630/ രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ 31.03.11 ലെ നിക്കി ബാക്കിയും വരവുചെലവു പത്രികയിലെ മുൻബാക്കിയും പൊരുത്തപ്പെടുത്തിയിട്ടുണ്ട് (18,04,67,630/രൂപ). എന്നാൽ ക്യാഷ്ബുക്കിലെ 31.03.11 ലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

3) വരവുചെലവു പത്രികയിൽ വരവായി കാണിച്ച ഇനങ്ങൾക്കൊന്നും ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

4)01.05.11 മുതൽ 31.10.11 വരെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡി.ഡി, ചെക്ക് മുഖേനയുള്ള വരവുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

5)വരവ് ചെലവ് പത്രികയുടെ RP 47(b ) ഷെഡ്യൂളിൽ (ലോൺസ്, അഡ്വാൻസ് & ഡപ്പോസിറ്റ്സ്) ജീവനക്കാർക്കുള്ള ഓണം അഡ്വാൻസ് തുക 1,25,500/ രൂപ നൽകിയതായും ഷെഡ്യൂൾ 47(a)അനുസരിച്ച് 5400/ രൂപ തിരിച്ചു പിടിച്ചതായും ബാലൻസ് ഷീറ്റിന്റെ B-18 ഷെഡ്യൂളിൽ 8,500/ രൂപ ഈയിനത്തിൽ തിരികെ ലഭിക്കാനുള്ളതായും കാണുന്നു. മുൻകൂർ നൽകിയതും തിരിച്ചു പിടിച്ചതും തിരികെ ലഭിക്കാൻ അവശേഷിക്കുന്നതുമായ തുകകൾ പൊരുത്തപ്പെടുന്നില്ല. എന്നാൽ മുൻകൂർ രജിസ്റ്റർ പ്രകാരം ഓണം അഡ്വാൻസായി നൽകിയ 1,25,500/ രൂപയിൽ 23,400/ രൂപ മാത്രമാണ് തിരികെ ഈടാക്കിയതായി രേഖപ്പെടുത്തിയത്. എന്നാൽ ബാലൻസ് ഷീറ്റിൽ 8500/ രൂപ മാത്രമാണ് ഈയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നത്. അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കിയിട്ടില്ലാത്തതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത്.

6) വരവുചെലവു പത്രികയുടെ ഷെഡ്യൂൾ 47(ബി) ൽ 'Advance to others' എന്ന ഹെഡ്ഡിൽ 1,13,46,332/ രൂപ മുൻകൂർ ഇനത്തിൽ നൽകിയതായി കാണുന്നു. എന്നാൽ പ്രസ്തുത

LOCAL FUND AUDIT DEPARTMENT

മുൻവർഷങ്ങളിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവായ തുക, നബാർഡ് ധന സഹായം ലഭിച്ചപ്പോൾ ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് അഡ്ജസ്റ്റു ചെയ്തതാണ്.

7) വരവുചെലവു പത്രികയുടെ ഷെഡ്യൂൾ RP 34(a) (Deposits received) പ്രകാരം കരാറുകാരുടെ റീടെൻഷൻ തുകയിനത്തിൽ 84,22,788/ രൂപ വരവുവന്നതായും ഷെഡ്യൂൾ RP 43(b ) പ്രകാരം 5714149/ രൂപ കരാറുകാർക്ക് തിരിച്ച് നൽകിയതായും ബാലൻസ് ഷീറ്റിന്റെ ഷെഡ്യൂൾ B-7 ( Deposits received) പ്രകാരം 1,31,51,003/ രൂപ ഇനിയും നൽകാനുള്ളതായും കാണുന്നു. റീടെൻഷൻ തുകയിനത്തിൽ വരവുവന്നതും തിരികെ നൽകിയതും, തിരിച്ചു നൽകാൻ ബാക്കിയുള്ളതുമായ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

LOCAL FUND AUDIT DEPARTMENT

8) ഐ.എ.വൈ , എസ്.ജി.എസ്.വൈ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള വരവുകൾ ജില്ലാ പഞ്ചായത്തിൽ വരവു വരാതെ നേരിട്ട് ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലാണ് വരവു വന്നത്. ആയത്കൊണ്ട് ഇതുമായി ബന്ധപ്പെട്ട വരവുചെലവു കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റിൽ, പഞ്ചായത്ത് ഫണ്ട് 22,41,17,882/ രൂപയാണ്. എന്നാൽ പ്രസ്തുത ഷെഡ്യൂളിൽ (ഷെഡ്യൂൾ ബി-1) 20,58,48,242/ രൂപയാണ് രേഖപ്പെടുത്തിയിട്ടുളളത്.

10) ബാലൻസ് ഷീറ്റിൽ സെക്വേർഡ് ലോൺസ് എന്ന ഹെഡ്ഡിൽ തുകകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത ഹെഡിന്റെ ഷെഡ്യൂളിൽ (ഷെഡ്യൂൾ ബി-5) 1,82,69,640/ രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

11) ബാലൻസ് ഷീറ്റിൽ ബാധ്യതയായി മറ്റു ബാധ്യതകൾ എന്ന ഹെഡിന്റെ ഷെഡ്യൂ ളിൽ (ഷെഡ്യൂൾ ബി-9) 350400501 കോഡിൽ (റീഫണ്ട്സ് പേയബിൾ - ഗ്രാന്റ്സ് ആന്റ് ഫണ്ട്സ്) 3,87,91,205/ രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

12) ചെറുവണ്ണൂർ നല്ലളം വ്യവസായ എസ്റ്റേറ്റ് പ്ലോട്ടുടമകളിൽ നിന്നും 96.10 ലക്ഷത്തോളം രൂപ കുടിശ്ശികയിനത്തിൽ ഈടാക്കാനുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ Sundry Debtors എന്ന ഹെഡിൽ ലഭിക്കാനുള്ള തുകകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

13)എ.സി.ആർ പ്രകാരം തൻവർഷത്തെ വികസന ഫണ്ട് ചെലവ് 31,00,11,581/ രൂപയും ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 30,82,27,704/ രൂപയുമാണ്. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1) മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം - നിശ്ചിത പരിധിയിലും കുറവ് - ജില്ലാപഞ്ചായത്തിന് ഫണ്ട് നഷ്ടം:

ജി.ഒ.(ആർ.ടി)663/011/തസ്വഭവ/തീ: 01.03.2011 പ്രകാരം 2011-12 വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കേണ്ട കുറഞ്ഞ തുക മൊത്തം വരവിന്റെ 70% ആയി സർക്കാർ നിശ്ചയിച്ചിരുന്നു. തുടർന്ന് ജി.ഒ(എം.എസ്)103/2012/തസ്വഭവ/തീ: 16.04.2012 പ്രകാരം ചെലവഴിക്കേണ്ട കുറഞ്ഞ തുക 60% ആയി പുതുക്കി നിശ്ചയിച്ചു. 2011-12 വർഷത്തിൽ ജില്ലാപഞ്ചായത്ത് നിശ്ചിത പരിധി യിലും കുറഞ്ഞ തുകയാണ് വിനിയോഗിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭ്യമായ ആകെ തുക | ചെലവ് | ശതമാനം | ചെലവഴിക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|---|
| മെയിന്റനൻസ്(റോഡ്) | 159117767 | 68572013 | 43.09 | 95470660 | 26898647 |
| മെയിന്റനൻസ് (നോൺ റോഡ്) | 47792046 | 22804723 | 47.71 | 28675228 | 5870505 |
| | | | | **ആകെ** | **3,27,69,152** |

സർക്കാർ മാർഗ്ഗനിർദ്ദേശത്തിലും കുറഞ്ഞ ചെലവ് മൂലം 2013-14 വർഷത്തിൽ ജില്ലാപഞ്ചായത്തിന് 327.69 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റിനത്തിൽ കുറവു വരുന്ന താണ്. ലഭ്യമായ ഫണ്ട് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 3-2) ഖാദി നൂൽനൂൽപ്പു കേന്ദ്രങ്ങളിൽ ഉപകരണങ്ങൾ വാങ്ങി നൽകിയ

LOCAL FUND AUDIT DEPARTMENT

**തിലെ ക്രമക്കേടുകൾ:**

പ്രൊജക്ട് നമ്പർ : 49/2012

അടങ്കൽ :14,50,000

ചെലവു തുക :14,50,000/രൂപ (ബിൽ നം.പി 7/940/2012/29.03.2012)

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്ട് ഓഫീസർ, ജില്ലാ ഖാദി ഗ്രാമ വ്യവസായം, കോഴിക്കോട്.

മേൽ പ്രൊജക്ട് പ്രകാരം ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള 19 നൂൽനൂൽപ്പു കേന്ദ്രങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് ജോലി ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 14,50,000/ രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് ജില്ലാപഞ്ചായത്ത് അനുമതി നൽകുകയുണ്ടായി. (തീരുമാനം നം.9/12(12)/ തിയതി:13.02.2012) അതുപ്രകാരം ഗ്രാമരാജ്യ നിർമ്മാൺ സംഘത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങി നൽകിയതിന് ജില്ലാപഞ്ചായത്ത് താഴെ കൊടുത്ത പ്രകാരം 14,50,000/ രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/ തീയതി | സാധനങ്ങളുടെ വിശദവിവരം | ചെലവഴിച്ച തുക |
|---|---|---|
| 193/12.03.2012 | 40 ചർക്ക ടേബിൾ, സ്റ്റൂൾ @ 3750/ രൂപ | 150000 |
| 197/15.03.2012 | 50 ചർക്ക ടേബിൾ, സ്റ്റൂൾ | 187500 |
| 199/21.03.2012 | 222 ചർക്ക ടേബിൾ, സ്റ്റൂൾ | 832500 |
| 199/21.03.2012 | സ്പിൻഡിൽ ബോബിൻ വൈൻഡിംഗ് മെഷീൻ 4 എണ്ണം @40000/ രൂപ | 160000 |
| 199/21.03.2012 | റാട്ട് 16 എണ്ണം @7000/ രൂപ | 112000 |
| 199/21.03.2012 | കടത്തുകൂലി | 8000 |
| | **ആകെ** | **14,50,000** |

നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള "ഗ്രാമരാജ്യ നിർമ്മാൺ സംഘ്", ഡിണ്ടിഗൽ ഡിസ്ട്രിക്ട്, തമിഴ്നാട് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 13.02.2012 ലെ 9/12(12) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങുകയാണുണ്ടായത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ(എം.എസ്)183/07/തസ്വഭവ/തീ: 24.07.07 പ്രകാരം സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ഖാദി ഗ്രാമ വ്യവസായബോർഡിനു കീഴിലുള്ള യൂണി

LOCAL FUND AUDIT DEPARTMENT

റ്റുകൾക്ക് ധനസഹായം അനുവദിക്കുമ്പോൾ സബ്സിഡി തുക പ്രൊജക്ട് ചെലവിന്റെ മൂന്നിലൊരു ഭാഗത്തിൽ അധികമാകാൻ പാടില്ല. (ഖണ്ഡിക 3-–VI(IV) എന്നാൽ മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായി 14,50,000/ രൂപ വികസന ഫണ്ട് വകയിരുത്തി പ്രൊജക്ട് തയ്യാറാക്കുകയും സബ്സിഡി പൂർണ്ണമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉപകര ണങ്ങൾ വാങ്ങുന്നതിനായി ആകെ ചെലവഴിച്ച 14,50,000/ രൂപയുടെ 1/3 ഭാഗമായ 4,83,333/ രൂപ മാത്രമേ ജില്ലാപഞ്ചായത്ത് ധനസഹായമായി അനുവദിക്കേണ്ടതുള്ളൂ. അധികം നൽകിയ 9,66,667/ രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗ സ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഉപ യോഗത്തിനുവേണ്ടി സാധനങ്ങൾ സമാഹരിക്കുമ്പോൾ ജി.ഒ(പി)259/2010/തസ്വഭവ/8.11.10 നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. 1,00,000/ രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള വാങ്ങലുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്ത് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഖാദി കമ്മീഷൻ അംഗീകരിച്ച സ്ഥാപനം എന്നതുമാത്രം അടിസ്ഥാനപ്പെടുത്തി "ഗ്രാമരാജ്യ നിർമ്മാൺ സംഘ്" എന്ന സ്ഥാപനത്തിൽ നിന്നും 14,50,000/ രൂപയുടെ ഉപക രണങ്ങൾ വാങ്ങാൻ തീരുമാനിക്കുകയായിരുന്നു. മേൽ ഉത്തരവു പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച കോർപ്പറേഷനുകൾ, ഏജൻസികൾ എന്നിവയിൽ നിന്ന് അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വാങ്ങാമെങ്കിലും മതിപ്പുവില 5,00,000/ രൂപയിൽ കവിയാൻ പാടില്ലെന്ന് നിർദ്ദേശിക്കുന്നു.

LOCAL FUND AUDIT DEPARTMENT

3)നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലും മാർഗ്ഗ നിർദ്ദേശത്തിലും വാങ്ങൽ ടീം പ്രവർത്തിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു വാങ്ങൽ ടീം രൂപീകരിച്ച് ഉപകരണങ്ങളുടെ ഗുണനിലവാരം നേരിൽ പരിശോധിച്ച് ഉറപ്പു വരുത്തിയതു സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

4)വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിവിധ നൂൽനൂൽപ്പു കേന്ദ്രങ്ങളിൽ വിതരണം നടത്തിയതു സംബന്ധിച്ച കൃത്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാകയാട്, ഉള്ളേരി, കോട്ടൂർ, കോളിക്കടവ്, ഉണ്ണികുളം എന്നീ നൂൽനൂൽപ്പു കേന്ദ്ര ങ്ങളിലായി 90 ചർക്ക ടേബിളുകളും 89 സ്റ്റൂളുകളും കൈപ്പറ്റിയതായി രശീതി കാണുന്നു. ബാക്കി

11,04,500/ രൂപ വിലവരുന്ന 222 ചർക്ക മേശകൾ, 223 ചർക്ക സ്റ്റൂളുകൾ, 4 സ്പിൻഡിൽ മെഷീനുകൾ, 16 റാട്ടുകൾ എന്നിവ വിതരണം നടത്തിയതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

5) ഓഡിറ്റിന്റെ ഭാഗമായി 08.02.2013 ൽ അറപ്പീടിക, വാകയാട്, ഉള്ള്യേരി തുടങ്ങിയ കേന്ദ്രങ്ങളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ജില്ലാപഞ്ചായത്ത് വാങ്ങി നൽകിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. വാകയാട്, ഉള്ള്യേരി എന്നീ കേന്ദ്രങ്ങളിലേക്ക് നൽകിയ 12 വീതം ചർക്ക സ്റ്റൂളുകളും ചർക്ക മേശകളും അറപ്പീടിക കേന്ദ്രത്തിന് നൽകിയ 10 വീതം ചർക്കസ്റ്റൂളുകളും മേശകളും സ്റ്റോക്കിലെടുത്തിട്ടില്ല.

6) ഇൻവോയ്സ് നമ്പർ 197/153.012 പ്രകാരം 50 ചർക്ക സ്റ്റൂളുകളിൽ 49 എണ്ണം മാത്രമേ ലഭ്യമായിട്ടുള്ളൂവെന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുറവു വന്ന ഒരെണ്ണം പിന്നീട് ലഭ്യമാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി മുഖേന (നം.48/26.02.2013) വിശദീകരണം ആവശ്യപ്പെട്ടതിന് 08.07.13 ന് ഡി-280/2011 നമ്പർ കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ, വാങ്ങിയ ഉപകരണങ്ങൾ വിവിധ കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്തതായി പരാമർശിച്ചിട്ടുണ്ടെങ്കിലും വിവിധ കേന്ദ്രങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ നിരാകരിച്ച 9,66,667/ രൂപ കഴിച്ച് ബാക്കി 4,83,333/ രൂപ തടസ്സപ്പെടുത്തുന്നു.

### 3-3) റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതം ഉപയോഗിച്ച് ഫർണ്ണിച്ചർ വാങ്ങിയത് - സർക്കാർ ഉത്തരവിന് വിരുദ്ധം:

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| പ്രൊജക്ട് | : | സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ (പ്രൊജക്ട് നമ്പർ 337/12) |
| അടങ്കൽ | : | 804358 (വികസന ഫണ്ട്) |
| | | 1236142 (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| | | 4328321 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| **ആകെ** | | **63,68,821** |
| | | = = = = = |
| ചെലവ് | : | 804358 ബിൽ നം.22/30.03.12 |
| | | 1236142 ബിൽ നം.24/30.03.12 |
| | | 1584654 ബിൽ നം.23/30.03.12 |

LOCAL FUND AUDIT DEPARTMENT

2743667 ബിൽ നം.15/21.03.12

**ആകെ** **63,68,821**

= = = = =

ജില്ലാപഞ്ചായത്തിന് കീഴിലുള്ള 42 ഹയർ സെക്കന്ററി സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനുള്ള പ്രൊജക്ട് പ്രകാരം ഗവ.വുഡ് വർക്ക്ഷോപ്പിൽ നിന്ന് ബെഞ്ച്, ഡസ്ക്, മേശ, കസേര, കമ്പ്യൂട്ടർ ടേബിൾ തുടങ്ങിയവ വാങ്ങി സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ(എം.എസ്)330/04 തസ്വഭവ തീ: 09.12.04 ഉത്തരവിലെ ഖണ്ഡിക 4-5 പ്രകാരം പൊതുമരാമത്ത് വകുപ്പ് ഗ്രാമീണ റോഡുകൾ, മറ്റ് ജില്ലാ റോഡുകൾ എന്നീ വിഭാഗങ്ങളിലായി തരം തരിച്ചിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമേ ജില്ലാപഞ്ചായത്തുകൾ റോഡ് സംരക്ഷണ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കാവൂ. ഖണ്ഡിക 4-8 പ്രകാരം സംരക്ഷണ ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്ക് വക മാറ്റുവാൻ പാടുള്ളതല്ല. എന്നാൽ സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും 12,36,142/ രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 22.02.2013 ലെ 40/11-12 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. റോഡ് സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 12,36,142/ രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

2) ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ ഇരിങ്ങല്ലൂർ ഹൈസ്കൂളിന് നൽകിയ 73 ഡസ്ക്, 80 ബെഞ്ച് എന്നിവയിൽ 36 ഡസ്ക്, 40 ബെഞ്ച് എന്നിവ മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ എന്നു കണ്ടു. ബാക്കിയുള്ള 37 ഡസ്ക്, 40 ബെഞ്ച് എന്നിവ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**3-4 ) പ്ലാസ്റ്റിക് റിസൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ - 6.22 ലക്ഷം രൂപ ചെലവഴിച്ചു. യൂണിറ്റ് പ്രവർത്തനമാരംഭിച്ചില്ല - ചെലവു തുക പാഴാകുന്നു.**

പ്രൊജക്ട് നമ്പർ : എസ് 0045/11

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ശുചിത്വ മിഷൻ)

ചെലവ് : 622763(നിർമ്മൽ പുരസ്കാര തുക) 2011-12

LOCAL FUND AUDIT DEPARTMENT

: 287587 ( " ) 2012-13

ആകെ 9,10,350/

ചെക്ക് നമ്പർ : 143171/29.02.12 , 193779/27.03.13

ജില്ലാപഞ്ചായത്ത് പരിധിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റും റിസോഴ്സ് റിക്കവറി സെന്ററും സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യം. ഇതിനായി ത്രീഫേസ് കണക്ഷനോടുകൂടിയ 70 ച.മീറ്ററിനും 100 ച.മീറ്ററിനും ഇടയിൽ വിസ്തൃതിയുള്ള ഒരു കെട്ടിടവും അതോടുചേർന്ന് ഇതേ വിസ്തൃതിയുള്ള ഷെഡും നൽകാൻ തയ്യാറാകുന്ന ഗ്രാമ പഞ്ചായത്തുകളെ കണ്ടെത്തുകയാണ് പ്രാരംഭ പ്രവർത്തനം. ഇതുപ്രകാരം പെരുവയൽ പഞ്ചായത്തിനേയാണ് തെരഞ്ഞെടുത്തത്.

യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനും ജില്ലാ പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനും ടെണ്ടർ ക്ഷണിച്ചതിൽ, റാം ബയോളജിക്കൽസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത് (875000+നികുതികൾ). പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)യൂണിറ്റ് സ്ഥാപിക്കുന്നതിന് റാം ബയോളജിക്കൽ കോഴിക്കോട് എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാറുടമ്പടി (എഗ്രിമെന്റ് തീയതി: 25.08.11) പ്രകാരം യന്ത്രം സ്ഥാപിച്ച് ട്രയൽ റൺ നടത്തിയാൽ 90% തുക സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ ഇൻസ്റ്റലേഷൻ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു മുമ്പായി പെരുവയൽ ഗ്രാമ പഞ്ചായത്തിൽ യൂണിറ്റിന് എതിരായി ആക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്തു. പണം ആവശ്യപ്പെട്ടുകൊണ്ടു സ്ഥാപനം നൽകിയ അപേക്ഷയും ബില്ലും പരിഗണിച്ച്, 02.12.12 ന് സ്ഥാപനവുമായി സപ്ലിമെന്ററി എഗ്രിമെന്റ് ഉണ്ടാക്കുകയും 622763/ രൂപ (ഡിഡി നം.59548/1.3.12) സ്ഥാപനത്തിന് നൽകുകയും ചെയ്തു. 2012-13 വർഷം എസ്.ഒ.366/13 നമ്പർ പ്രൊജക്ട് പ്രകാരം 287587/ രൂപ കൂടി (ചെക്ക് നമ്പർ 1935779/27.03.13) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അതായത് യന്ത്രം സ്ഥാപിച്ച് ട്രയൽ റൺ പോലും നടത്താതെ യന്ത്രം വിതരണം ചെയ്ത സ്ഥാപനത്തിന് 100% തുകയും നൽകി.

LOCAL FUND AUDIT DEPARTMENT



പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾപോലും പൂർത്തിയാക്കാതെ തന്നെ യന്ത്രം വാങ്ങിയ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് 14.02.13 ന് നൽകിയ 37-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചുവെങ്കിലും പ്രൊജക്ട് ലക്ഷ്യത്തിലെത്തിയിട്ടില്ല. നിലവിൽ യന്ത്രം സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലത്ത് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുകയോ ചെയ്ത് ചെലവ് തുക പാഴാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 2011-12 വർഷം ചെലവഴിച്ച 6,22,763/ രൂപ തടസ്സത്തിൽ വെക്കുന്നു.

**3-5) <u>ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത തുക ചെലവഴിച്ചില്ല - വിനിയോഗിക്കാത്ത തുക ജില്ലാപഞ്ചായത്ത് ചെലവിൽ ഉൾപ്പെടുത്തി- 6,16,82,522/രൂപ തടസ്സപ്പെടുത്തുന്നു.</u>**

ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിവിധ പദ്ധതികൾ നിർവ്വഹിക്കുന്നതിനായി കൈമാറ്റം ചെയ്ത തുകയുടെ വിനിയോഗം ഉറപ്പാക്കിയതിനുശേഷമാണ് ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക ചെലവു കണക്കിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ 2011-12 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വികസന ഫണ്ട് മൊത്തം ചെലവായി കാണിച്ച 24,27,52,567/- രൂപ യിൽ 6,16,82,522/- രൂപ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന കൈമാറ്റം ചെയ്തതാണ്. ഈ തുക 2011-12 വർഷത്തിൽ ചെലവഴിക്കപ്പെടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിക്കിയിരിപ്പായി അവശേഷിക്കുന്നു. (വിശദ വിവരങ്ങൾക്ക് **അനുബന്ധം IV** കാണുക) യഥാർത്ഥത്തിൽ ചെലവഴിക്കാത്ത ഈ തുക ജില്ലാപഞ്ചായത്ത് തൻവർഷത്തെ ചെലവായി അക്കൗണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല.

LOCAL FUND AUDIT DEPARTMENT

ഇപ്രകാരം കൈമാറ്റം ചെയ്ത തുകകൾ നിർദ്ദിഷ്ട പ്രൊജക്ടുകൾക്ക് വിനിയോഗിക്കാത്തതിനാൽ 6,16,82,522/രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ബന്ധപ്പെട്ട പ്രൊജ്കടുകൾക്ക് വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-6)എസ്.എസ്.എ, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് കൈമാറിയ തുക-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-1,53,56,160/രൂപ തടസ്സപ്പെടുത്തുന്നു.

ജില്ലാ പഞ്ചായത്ത് വികസന ഫണ്ട് ചെലവായി കാണിച്ച 24,27,52,567/- രൂപയിൽ 1,53,56,160/ രൂപ എസ്.എസ്.എ, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന കൈമാറ്റം ചെയ്തിട്ടുണ്ട്. ഇപ്രകാരം കൈമാറ്റം ചെയ്ത തുകയിൽ വിനിയോഗിച്ചതിന്റേയോ നിർദ്ദിഷ്ട പ്രോജക്ടുകൾ പൂർത്തീകരിച്ചതിന്റേയോ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ എസ്.എസ്.എ, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് ജില്ലാപഞ്ചായത്ത് കൈമാറിയ 1,53,56,160/ രൂപ തടസ്സത്തിൽ വെക്കുന്നു. ബന്ധപ്പെട്ട പ്രോജക്ടുകൾ പൂർത്തിയാക്കാത്തപക്ഷം തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

LOCAL FUND AUDIT DEPARTMENT

**I) നിർവ്വഹണ ഉദ്യോഗസ്ഥൻ -വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ**

| പ്രൊജക്ട് | ബിൽ നമ്പർ/തുക | കൈപ്പറ്റിയ സ്ഥാപനം | തുക | റിമാർക്സ് |
|---|---|---|---|---|
| 93/12 എസ്.എസ്.എ വിഹിതംനൽകൽ | 4/18.02.12 1,53,05,600 | എസ്.എസ്.എ പ്രൊജക്ട് ഓഫീസർ | 1,53,05,600 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |

**I I) നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൃഷി**

| പ്രൊജക്ട് | ബിൽ നമ്പർ/ തുക | കൈപ്പറ്റിയ സ്ഥാപനം | തുക | റിമാർക്സ് |
|---|---|---|---|---|
| 16/12 പേരാമ്പ്ര സീഡ് ഫാം പമ്പ് ഹൗസിലേക്ക് വൈ | ഡി.ഡി.നം.510249/ 24.12.11 50,560/ | കെ.എസ്.ഇ.ബി | 50,560/ | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |

| | | | | |
|---|---|---|---|---|
| ദ്യുതി ലഭ്യമാക്കൽ | | | | |
| | | **ആകെ** | **1,53,56,160** | |

## 3-7)കൂത്താളി ഫാം ട്രെയിനിംഗ് സെന്ററിന്റെ പഴയ കെട്ടിടം റിപ്പയർ പ്രവൃത്തി -നവീകരിച്ച സീലിംഗ് പൊളിഞ്ഞു വീണതുമൂലം ജില്ലാപഞ്ചായത്ത് ഫണ്ടിനു നഷ്ടം

പ്രൊജക്ട് നമ്പർ: 26/2012

എഗ്രിമെന്റ് നമ്പർ : ഇ.ഇ/എൽ.എസ്.ജി.ഡി/94/2010-11/27.10.10

നിർവ്വഹണം : എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി

എം.ബുക്ക് നമ്പർ : 145/10-11

ചെലവു തുക : 953409/രൂപ (ചെക്ക് നം.ജെ.കെ.055364/30.03.2012)

ജില്ലാ പഞ്ചായത്തിനു കീഴിലുള്ള കൂത്താളി കൃഷി ഫാം ട്രെയിനിംഗ് സെന്ററിന്റെ 25 വർഷത്തിലേറെ പഴക്കമുള്ള കെട്ടിടം അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുന്നതിന് മേൽ പ്രൊജക്ടു പ്രകാരം 10 ലക്ഷം രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തി എസ്റ്റി മേറ്റ് പ്രകാരം മേൽക്കൂര ഫ്ളോർ എന്നിവ നവീകരിക്കുക, പി.വി.സി ഷീറ്റുകൊണ്ട് സീലിം ഗ് സ്ഥാപിക്കുക, ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടുത്തുക, പഴയ വാതിലുകൾ ജനലുകൾ മാറ്റി വെയ്ക്കുക തുടങ്ങിയ പ്രവൃത്തികളാണ് ലക്ഷ്യമിട്ടിരുന്നത്. 27.10.10 ൽ എഗ്രിമെന്റ് വെച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവൃത്തി ഏറ്റെടുക്കുകയും 3/2012 ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബിൽ പ്രകാരം 9,53,409/ രൂപ കൈപ്പറ്റുകയും ചെയ്തു. പ്രവൃത്തിയുടെ ഫൈനൽബിൽ അളവു പുസ്തകം



എന്നിവ പ്രകാരം 12-ാം ഇനമായി കെട്ടിടത്തിലെ 5 മുറികളിലായി 207.11 ച.മീ. അളവിൽ പി.വി.സി ട്യൂബുലർ ഷീറ്റു കൊണ്ട് സീലിംഗ് പ്രവൃത്തി ചെയ്തതിന് 1,93,338/ രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 07.02.2013 ന് സ്ഥല

LOCAL FUND AUDIT DEPARTMENT

പരിശോധന നടത്തി യപ്പോൾ കെട്ടിടത്തിലെ 4 മുറികളിലേ യും സീലിംഗ് ചെയ്ത പി.വി. സി ഷീറ്റുകൾ മുഴുവനായും പൊളിഞ്ഞു വീണ് തറയിൽ ചിതറിക്കിടക്കുന്നത് കണ്ടു.

2010-11 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 12.04.12 ന് ഓഡിറ്റു വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കൂത്താളി ഫാം സൂപ്രണ്ടി നെ രേഖാമൂലം അറിയിക്കുകയും വിശദീകരണം ആവശ്യപ്പെടുകയുമുണ്ടായി.

3/2012 ൽ ഫൈനൽബിൽ പ്രകാരം തുക അനുവദിച്ച പ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ച സീലിംഗ് 4/2012 ൽ തന്നെ തകർന്നു വീണ നിലയിൽ കാണപ്പെട്ടതിൽ നിന്നും ഗുണനിലവാരമില്ലാത്ത പ്രവൃത്തിയാണ് കരാറുകാരൻ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനിയറുടെ ചുമതലയാണ്. സീലിംഗ് തകർന്നു വീണ സാഹചര്യത്തിൽ ജില്ലാ പഞ്ചാ യത്ത് ചെലവഴിച്ച 193338/ രൂപ പാഴ്ചെലവായി മാറിയിരിക്കുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.50/2011-12/27.02.2013) നൽകിയിരു ന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 1,93,338 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ ഗ്യാരണ്ടി കാലയളവിനുള്ളിൽ സീലിംഗ് തകർന്നു വീണിരിക്കുന്നു എന്നതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ സീലിംഗ് പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവു തുക ഉത്തരവാദിയായ എഞ്ചിനിയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

### 3-8)സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. 16,92,894/ രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ : 64/12

നിർവ്വഹണ ഉദ്യോഗസ്ഥ:ജില്ലാ വനിതാക്ഷേമ ഓഫീസർ

ബിൽ നമ്പർ :1/29.03.12

തുക : 16,92,894/(വികസന ഫണ്ട്)

കോഴിക്കോട് ജില്ലയിലെ 42 സർക്കാർ വി.എച്ച്.എസ്.സി , ഹയർ സെക്കന്ററി ഹൈസ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് മെഷീ നും ഇൻസിനേറ്ററും സ്ഥാപിക്കുന്നതിനുള്ളതാണ് പ്രൊജക്ട്. ആയത് പ്രകാരം

LOCAL FUND AUDIT DEPARTMENT

16,92,894/ രൂപയ്ക്ക് 42 മെഷീനുകളും ഇൻസിനറേറ്ററും റെയ്ഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. 08.02.13 നും 11.02.13 നും ഓഡിറ്റിന്റെ ഭാഗമായി നടുവണ്ണൂർ, കോക്കല്ലൂർ, ഫറോക്ക്, പാലാഴി എന്നീ സ്കൂളുകളിൽ നേരിട്ട് പരിശോധന നടത്തി യതിൽ കോക്കല്ലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ മാത്രമാണ് മെഷീനും ഇൻസി നറേറ്ററും പ്രവർത്തിക്കുന്ന തായി കണ്ടത്. ഫറോക്ക് ഗവ.ഹയർ സെക്കന്ററി സ്കൂളിൽ വെൻഡിംഗ് മെഷീൻ പ്രവർത്തനക്ഷമമാണ്. ഇൻസിനറേറ്റർ പ്രവർത്തിക്കുന്നില്ല. നടുവണ്ണൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലും പാലാഴി ഗവ.ഹയർ സെക്കന്ററി സ്കൂ ളിലും മെഷീനും ഇൻസിനറേറ്ററും പ്രവർത്തിക്കുന്നില്ല.

നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും പ്രവർത്തിപ്പിക്കുന്നതിലുള്ള പരിചയക്കുറവാണ് യന്ത്രങ്ങൾ തകരാറിലാവാൻ കാരണം എന്നാണ് സ്കൂൾ അധി കൃതർ അറിയിച്ചത്. മെഷീനുകൾ സ്ഥാപിച്ചതല്ലാതെ പിന്നീട് പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയും റെയ്ഡ്കോയുമായുള്ള കരാർ (ഉടമ്പടി നമ്പർ 1/1.3.12) പ്രകാരം മെഷീൻ സ്ഥാപിച്ചതുമുതൽ ഒരു വർഷത്തേക്ക് വാറന്റി നൽകി യിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയും സ്കൂൾ ഹെഡ്മാസ്റ്റർമാരുമായുണ്ടാക്കിയ കരാ റിൽ മെഷീന്റെ തുടർ സംരക്ഷണം സ്കൂളിന്റെ ചുമതലയായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ വാറന്റി പിരീഡിന് ശേഷമുള്ള കാലത്തേക്ക് സ്ഥാപനവുമായ എ.എം. സി.യിൽ ഏർപ്പെട്ടതായി കാണുന്നില്ല.

16.92 ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കിയ പദ്ധതി ഒരു വർഷത്തിനുള്ളിൽ തന്നെ ഭൂരിഭാഗം സ്കൂളുകളിലും പ്രവർത്തനക്ഷമമല്ലെന്നാണ് അറിയുന്നത്. ശരിയായ പരിശീ ലനം നൽകാത്തതിനാലും തുടർ സംരക്ഷണമില്ലാത്തതിനാലും പ്രൊജക്ടിന് വിനിയോ ഗിച്ച തുക പാഴായിക്കൊണ്ടിരിക്കുന്നു. പ്രവർത്തനക്ഷമമല്ലാത്ത മെഷിനറികൾ പ്രവർ ത്തനക്ഷമമാക്കി തുക പാഴാവുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെല വു തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. സ്കൂ ളുകൾക്ക് വിതരണം ചെയ്ത ഇൻസിനറേറ്ററും നാപ്കിൻ വെൻഡിംഗ് മെഷീനും പ്രവർ ത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 16,92,894 രൂപ തടസ്സ പ്പെടുത്തുന്നു. ഈ വിഷയം മേൽ നടപടികൾക്കായി ജില്ലാപഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

**<u>3-9)നിർമ്മൽ പദ്ധതി -സ്കൂളുകളിൽ ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം-</u>**

**<u>പദ്ധതി ലക്ഷ്യം കൈവരിച്ചില്ല:</u>**

പ്രൊജക്ട് നമ്പർ : എസ് 0045/11

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ശുചിത്വ മിഷൻ)

ചെലവു തുക : 24,50,000

ചെക്ക് നമ്പർ/തീയതി : 143178/30.03.12

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 70 സ്കൂളുകളിൽ ഗേൾഫ്രണ്ട്‌ലി ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനുള്ളതാണ് പ്രൊജക്ട്. യൂണിറ്റ് ചെലവായ 55,000/ രൂപയിൽ 35,000/ രൂപ ജില്ലാ പഞ്ചായത്തിന്റെ നിർമ്മൽ പുരസ്കാര തുകയും 20,000/ രൂപ കേന്ദ്ര വിഹിത വുമാണ്. താഴെ പറയും പ്രകാരം 24,50,000/ രൂപ വിവിധ ബ്ലോക്കുകളിലെ ബി.ഡി.ഒ മാർക്ക് അതാത് ബ്ലോക്ക് പഞ്ചായത്തുകളിലെ സ്കൂളുകൾക്കായി നൽകിയിട്ടുണ്ട്.

| | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | തുക | സ്കൂളുകൾക്ക് നൽകിയ തുകയുടെ വിവരം |
|---|---|---|---|
| 1 | ബാലുശ്ശേരി | 1,40,000 | ജി.വി.എച്ച്.എസ്.എസ് നടുവണ്ണൂർ 35,000<br>ജി.എച്ച്.എസ്.എസ്, കോക്കല്ലൂർ 70,000<br>ജി.വി.എച്ച്.എസ്.എസ്, ബാലുശ്ശേരി 35,000 |
| 2 | ചേളന്നൂർ | 2,45,000 | ജി.എച്ച്.എസ്.എസ്, കൊളത്തൂർ 70,000<br>ജി.എച്ച്.എസ്.എസ്,നരിക്കുനി 1,75,000 |
| 3 | കൊടുവള്ളി | 6,65,000 | ജി.എച്ച്.എസ്.എസ്, പുതുപ്പാടി 1,75,000<br>ജി.എച്ച്.എസ്.എസ്, കൊടുവള്ളി 1,75,000<br>ജി.എച്ച്.എസ്.എസ്, താമരശ്ശേരി 3,15,000 |
| 4 | കുന്ദമംഗലം | 2,10,000 | ജി.എച്ച്.എസ്.എസ്, പെരുമണ്ണ 1,75,000<br>ജി.എച്ച്.എസ്.എസ്, പയിമ്പ്ര 35,000 |
| 5 | കുന്നുമ്മൽ | 1,40,000 | ജി.എച്ച്.എസ്.എസ്, വെള്ളിയോട് 1,40,000 |
| 6 | മേലടി | 1,75,000 | ജി.വി.എച്ച്.എസ്.എസ്,മേപ്പയ്യൂർ 1,75,000 |
| 7 | പന്തലായനി | 1,75,000 | ജി.വി.എച്ച്.എസ്.എസ്,അത്തോളി 1,75,000 |
| 8 | പേരാമ്പ്ര | 3,50,000 | ജി.എച്ച്.എസ്.എസ്, കായണ്ണ 1,75,000<br>ജി.എച്ച്.എസ്.എസ്,ആവള കുട്ടോത്ത് 1,75,000 |
| 9 | തോടന്നൂർ | 1,05,000 | ജി.വി.എച്ച്.എസ്.എസ്,മണിയൂർ 1,05,000 |
| 10 | തൂണേരി | 1,75,000 | ജി.എച്ച്.എസ്.എസ്,വളയം 1,75,000 |
| 11 | വടകര | 70,000 | ജി.വി.എച്ച്.എസ്.എസ്,ഓർക്കാട്ടേരി 70,000 |
| | **ആകെ** | **24,50,000** | |

തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

LOCAL FUND AUDIT DEPARTMENT

1)പ്രൊജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക നൽ കുന്നതിനു മുമ്പായി, ബി.ഡി.ഒ മാർ സ്കൂൾ  അധികൃതരുമായി എഗ്രിമെന്റ്  വെയ്ക്കേ ണ്ടതും എഗ്രിമെന്റ് വെച്ച് രണ്ട് മാസത്തിനുളളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. എന്നാൽ 24,50,000/ രൂപ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നാളിതുവരെ എഗ്രിമെന്റ് വയ്ക്കുകയോ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

2) ചെലവഴിച്ച തുക സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണത്തിന് വിനിയോഗിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി  03.07.12 ന് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർക്കയച്ച കത്തിൽ (നം.സി-1202/12) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പരിധി യിൽ വരുന്ന ആവളക്കുട്ടോത്ത് ഗവ.ഹൈസ്കൂളിന്  5 യൂണിറ്റ് ടോയ്‌ലറ്റ് നിർമ്മി ക്കുന്നതിന് ലഭിച്ച 1,75,000 രൂപയിൽ 35,000 രൂപ സ്കൂളിന് അഡ്വാൻസ് നൽകി യതായും എന്നാൽ പ്രവൃത്തി തുടങ്ങാൻ സാധ്യമല്ലാത്തതിനാൽ 35,000/ രൂപ തിരിച്ചട ക്കാൻ തയ്യാറാണെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചതായി പറയുന്നു.  എന്നാൽ നാളിതുവരെ തുക തിരിച്ചടച്ചില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 24,50,000/ രൂപ തടസ്സ പ്പെടുത്തുന്നു.

## 3-10) പേരാമ്പ്ര വിത്തുല്പാദന കേന്ദ്രം - നിർമ്മാണം പൂർത്തീകരിച്ച ഓഫീസ് കം സീഡ്സ്റ്റോർ പ്രവർത്തനമാരംഭിച്ചില്ല.

2011-12 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച പേരാമ്പ്ര വിത്തുൽപ്പാദന കേന്ദ്ര ത്തിലെ ഓഫിസ് കം സീഡ്സ്റ്റോർ 2/2013 വരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.  നിലവിലെ ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും വിത്തുകൾ കേടുകൂടാതെ സൂക്ഷിക്കുന്ന തിന് പ്രത്യേക സൗകര്യം ഒരുക്കുന്നതിനുമാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.  23,44,654/ രൂപ വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ വിത്തുകൾ സൂക്ഷിച്ചുവെയ്ക്കുന്നതിനുള്ള സ്റ്റോർ റൂമും മുകളിലെ നിലയിൽ ഓഫീസു മാണ് സജ്ജീകരിച്ചിട്ടുള്ളത്.

നിർമ്മാണം പൂർത്തീകരിച്ച് ഒരു വർഷത്തോളമായിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.  കെട്ടിട നിർമ്മാണം  പൂർത്തിയായിട്ടും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു.  ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ഓഡിറ്റ്

LOCAL FUND AUDIT DEPARTMENT

എൻക്വയറി നം. 46/22.02.2013 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കെട്ടിടം ഉടനടി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ചെലവ് തുക പാഴാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11)കൂത്താളി ഫാം സൂപ്രണ്ട് ക്വാർട്ടേഴ്സ് - അറ്റകുറ്റപ്പണി പ്രവൃത്തി പൂർത്തിയായെങ്കിലും ക്വാർട്ടേഴ്സ് പ്രയോജനപ്പെടുത്തുന്നില്ല - ചെലവഴിച്ച തുക പാഴാകുന്നു.

ഫയൽ നമ്പർ : ഡി/575/2010/(1)

പ്രൊജക്ട് നമ്പർ : 028/2012

ചെലവു തുക :218033/രൂപ (ബിൽ നം.ഡി.പി.സി.ബി/32/2011-12 തീ: 29.03.2012)

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൃഷി

എം.ബുക്ക് നമ്പർ : 211/2011-12

ജില്ലാപഞ്ചായത്തിനു കീഴിലുള്ള കൂത്താളി കൃഷിഫാമിലെ സൂപ്രണ്ട് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണിയ്ക്കായി 2011-12 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 2,18,033/ രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ മേൽക്കൂര മാറ്റി മേയൽ, സിറാമിക് ടൈൽസ് കൊണ്ടുള്ള ഫ്ളോറിംഗ് പ്രവൃത്തി, കേടുവന്ന വാതിലുകളും ജനലുകളും മാറ്റി വെയ്ക്കൽ, പെയിന്റിംഗ്, ബാത്ത്റൂം നവീകരണം, തുടങ്ങിയ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്.

ഓഡിറ്റിന്റെ ഭാഗമായി 07.02.2013 ന് കൂത്താളി ഫാമിൽ നടത്തിയ സ്ഥല പരിശോധനയിൽ സൂപ്രണ്ടിന്റെ ക്വാർട്ടേഴ്സ് ആൾതാമസമില്ലാതെ അടച്ചിട്ടിരിക്കുന്ന തായി കണ്ടു. തുടർ പരിശോധനയിൽ , അറ്റകുറ്റപ്പണിക്കുശേഷം നാളിതുവരെ ക്വാർട്ടേഴ്സിൽ ആൾതാമസം ഉണ്ടായിട്ടില്ലെന്നും ക്വാർട്ടേഴ്സ് അടച്ചിട്ടിരിക്കുകയായിരുന്നുവെന്നും ജീവനക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞു. ഒരു വർഷത്തോളമായി ആൾതാമസമില്ലാതെ അടച്ചിട്ടിരുന്നതിനാൽ കെട്ടിടത്തിനുൾവശം പൊടിപിടിച്ച് വൃത്തികേടായി കാണപ്പെട്ടു.

മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തിയ സൂപ്രണ്ട് ക്വാർട്ടേഴ്സ് പ്രയോജനപ്പെടുത്താത്ത സാഹചര്യത്തിൽ അതിനായി വിനിയോഗിച്ച മെയിന്റനൻസ് ഫണ്ട് പാഴ്ചെലവായി മാറുകയാണ്. 2,18,033/രൂപ ചെലവഴിച്ച് റിപ്പയർ നടത്തിയ കെട്ടിടം പ്രയോജനപ്പെടുത്താതെ അടച്ചിട്ടിരിക്കുന്നത് ചെലവഴിച്ച

LOCAL FUND AUDIT DEPARTMENT

തുകയുടെ ദുരുപയോഗമായി കണക്കാക്കാവുന്നതാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.63/2011-12/15.03.2013 ന് കൂത്താളി ഫാം സൂപ്രണ്ട് നൽകിയ മറുപടിയിൽ ക്വാർട്ടേഴ്സ് ഉടനടി താമസത്തിനായി ഉപയോഗപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3-12) റോഡ് അഭിവൃദ്ധിപ്പെടുത്തൽ - ടാറിംഗിന് അധിക നിരക്ക് നൽകി: 15,385/ രൂപയുടെ നഷ്ടം:**

പ്രൊജക്ട് :372/12

പ്രവൃത്തി :ചേളന്നൂർ 8/2 പട്ടർപാലം-അണ്ടിക്കോട് റോഡ് പരിഷ്ക്കരണം

അടങ്കൽ : 10,39,149/ രൂപ(റോഡ് സംരക്ഷണ ഗ്രാന്റ്)

നിർവ്വഹണം : എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി ഡിവിഷൻ, കോഴിക്കോട് ജില്ലാപഞ്ചായത്ത്

കരാറുകാരൻ : ഹാഷിം എം.കെ

ചെലവ് : 9,87,187/ രൂപ (ബിൽ നം.185/31.03.2012)

എം.ബുക്ക് : 142/11-12, പേജ് 12,13

LOCAL FUND AUDIT DEPARTMENT

ചേളന്നൂർ 8/2 പട്ടർപാലം -അണ്ടിക്കോട് റോഡ് പരിഷ്ക്കരണ പ്രവൃത്തിയുടെ 8-ാമത് ഇനം, നിലവിലുള്ള താറിട്ട റോഡിന് മേൽ 20 എം.എം കനത്തിൽ പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് വിരിക്കലാണ്. 2331 ച.മീ പ്രവൃത്തി ചെയ്തതിന് 10 ചതുരശ്ര മീറ്ററിന് 1681/ രൂപ നിരക്കിൽ 3,91,841/ രൂപ അനുവദിച്ചു. (എം.ബുക്ക് പേജ് 142/11-12 പേജ് 12,13). 2011 ലെ ഷെഡ്യൂൾ നിരക്കിൽ 20എം.എം പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് വിരിക്കലിനു അനുവദിക്കാവുന്ന നിരക്ക് 10എം$^2$ ന് 1615/ രൂപ നിരക്കിൽ 3,76,456/ രൂപയാണ്. എസ്റ്റിമേറ്റിനോടൊപ്പമുള്ള ഡാറ്റ പ്രകാരം നിരക്ക് താഴെ പറയും പ്രകാരം 10 ച.മീറ്ററിന് 1,615/ രൂപയാണ്.

| | |
|---|---|
| 0.12 ദിവസത്തെ ബോയ്‌ലർ വാടക | രൂ. 115/1 ദിവസത്തേക്ക് = 13.80 |
| 0.12 ദിവസത്തെ റോളർ വാടക | രൂ. 2392 /1 ദിവസത്തേക്ക് = 287.04 |
| 0.12 ദിവസത്തെ ഹോട്ട് മിക്സിംഗ് വാടക | രൂ. 1725 /1 ദിവസത്തേക്ക് = 207.00 |
| 2.20 ലിറ്റർ ഡീസൽ ചാർജ്ജ് | രൂ. 41.40 /ലിറ്റർ = 91.08 |
| 0.36 ദിവസത്തെ വീൽബറോ വാടക | രൂ. 2.00 /ദിവസത്തേക്ക് = 0.72 |
| 4 ലിറ്റർ ഡീസൽ | രൂ. 41.40 /ലിറ്റർ = 165.60 |
| 10.80 ലിറ്റർ മണ്ണെണ്ണ | രൂ. 29.90 /ലിറ്റർ = 322.92 |
| 11.60 ലിറ്റർ മണ്ണെണ്ണ | രൂ. 29.90 /ലിറ്റർ = 346.84 |
| എൽ.എസ്.സൺഡ്രീസ് | 5X 5 = 25.00 |
| 7.50 സ്പെഷ്യൽ മസ്ദൂർ | 293.25/ രൂപ വീതം = 2199.38 |
| 3.00 സ്ത്രീ | രൂ.276/സ്ത്രീ 828.00 |

| | | |
|---|---|---|
| 266 കി.ഗ്രാം താർ കടത്ത് കൂലി | രൂ.269.1/ടൺ | 71.58 |
| **ആകെ** | | **4558.96** |
| കരാറുകാരന്റെ ലാഭം 10% സി.പി+5% ഓവർഹെഡ്ഡ് ചാർജ്ജ് | | 603.81 |
| 266.കി.ഗ്രാം താർ വില | രൂ.41316.05/ടൺ | 10990.07 |
| 100 ചതുരശ്ര മീറ്ററിന് | | 16152.84 |
| **രൂ.1615/10ചതുരശ്ര മീറ്റർ** | | |

10.ച.മീറ്ററിന് 1615/ രൂപ നിരക്ക് അനുവദിക്കേണ്ടതിനു പകരം 1,681/ രൂപ നിരക്ക് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (എൻക്വയറി നം.28/12 തീയതി: 30.01.13) മറുപടി ലഭിച്ചിട്ടില്ല. ടാറിംഗിന് അധിക നിരക്ക് നൽകിയതിന് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഉത്തരവാദിയായതിനാൽ അധികം നൽകിയ 15,385/ രൂപ (391841-376456) ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>3-13) വെള്ളികുളങ്ങര -ഒഞ്ചിയം , കണ്ണൂക്കര- മാടാക്കര റോഡ് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ - ചെലവു തുക തടസ്സപ്പെടുത്തുന്നു.</u>

പ്രൊജക്ട് നമ്പർ : 210/2012

കരാറുകാരൻ : പി.ആനന്ദൻ

എം.ബുക്ക് നമ്പർ :171/10-11

നിർവ്വഹണ ഉദ്യോഗസ്ഥൻ: എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി

ഫൈനൽ ബിൽ തുക :2825000/ രൂപ (ബിൽ നം.148/21.03.2012)

എഗ്രിമെന്റ് നമ്പർ :ഇ.ഇ/എൽ.എസ്.ജി.ഡി/71/10-11/14.09.10

2010-11 വർഷത്തിൽ ആരംഭിച്ച മേൽ പ്രവൃത്തി ഓഡിറ്റു വർഷം സ്പിൽ ഓവറായി നടപ്പിലാക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ പ്രവൃത്തിക്ക് ക്വട്ടേഷൻ മുഖേനയാണ് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ, 27.07.10 ന് ടെണ്ടർ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും തന്നെയില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ നടത്താതെ ക്വട്ടേഷൻ മുഖേന കരാർ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു.

2)മേൽ പ്രവൃത്തിക്ക് ജാമ്യ നിക്ഷേപമായി 1,00,000/ രൂപ ഡപ്പോസിറ്റ് ചെയ്തതായി സെക്യൂരിറ്റി, ഡപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് ചട്ടപ്രകാരം കരാർ തുകയുടെ 5% തുക സെക്യൂരിറ്റി ഡപ്പോസിറ്റായി ഈടാക്കേ

LOCAL FUND AUDIT DEPARTMENT

ണ്ടതാണ്. അതുപ്രകാരം കരാർ തുകയായ 28,06,673/ രൂപയ്ക്ക് 1,40,334/ രൂപ ജാമ്യ നിക്ഷേപമായി ഈടാക്കേണ്ടതുണ്ട്. ചട്ടപ്രകാരമുള്ള ജാമ്യ നിക്ഷേപം ഈടാക്കാതെ കരാർ വെയ്ക്കാൻ ഇടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 15/2011-12/ തീ: 26.11.2012 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 28,25,000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-14)പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം: നിയമാനുസൃത പിഴ ഈടാക്കിയതിൽ കുറവ്:**

2011-12 വർഷത്തിൽ ഫൈനൽ ബിൽ അനുവദിച്ച താഴെ പറയുന്ന മരാമത്തു പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്നും ജി.ഒ(പി)84/97/പി.ഡബ്ല്യുഡി തീയതി: 19.08.97 പ്രകാരം പിഴ ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

**1)കൂത്താളി കൃഷി ഫാമിൽ വാച്ച്മാൻ ഷെഡ്, വെയ്റ്റിംഗ് ഷെഡ്, മെയിൻഗേറ്റ്, ഹാൻഡ് റെയിൽ നിർമ്മാണം**

| | |
|---|---|
| കരാറുകാരൻ | : അഷറഫ്.കെ.കെ. |
| അടങ്കൽ | :6,08,000/ രൂപ |
| എഗ്രിമെന്റ് നമ്പർ | : 5/10-11/02.02.2011 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | : 01.05.2011 |
| പൂർത്തീകരിച്ച തീയതി | :30.03.2012 |
| കാലതാമസം | :11 മാസം |
| പിഴ ആദ്യത്തെ 3 മാസം (5/2011 മുതൽ 7/2011 വരെ) | : 6,08,000 X1% = 6080 |
| 8/2011 മുതൽ 10/2011 വരെ | : 608000 X 2% = 12160 |
| 11/2011 മുതൽ 1/2012 വരെ | : 608000 X 2% = 12160 |
| 02/2012 മുതൽ 3/2012 വരെ | : 608000 X 2% X 2/3= 8107 |
| ഈടാക്കേണ്ട പിഴ | :38,507/രൂപ |
| പിഴ ഈടാക്കിയത് | : 14275/രൂപ |
| കുറവ് | : 24232/രൂപ |

**)തെങ്ങിൻതൈ നഴ്സറി, തിക്കോടിയിലെ ബിൽഡിംഗ് റിപ്പയർ പ്രവൃത്തികൾ**

| | |
|---|---|
| കരാറുകാരൻ | ; തറമ്മൽ ശശി |
| കരാർ തുക | :3,23,500 |
| എഗ്രിമെന്റ് നമ്പർ | :8/09-10/29.01.10 |

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | :28.04.10 |
| പൂർത്തീകരിച്ച തീയതി | :14.09.2011 |
| കാലതാമസം | :1 വർഷം 4 മാസം |
| ആദ്യത്തെ മൂന്നു മാസം പിഴ | :323500X 1% = 3235 |
| (5/10 മുതൽ 7/10 വരെ) | |
| 8/10 മുതൽ 10/10 വരെ | : 323500X 2% = 6470 |
| 11/10 മുതൽ 01/11 വരെ | : 323500X 2% = 6470 |
| 02/11 മുതൽ 04/11 വരെ | : 323500X 2% = 6470 |
| 05/11 മുതൽ 07/11 വരെ | : 323500X 2% = 6470 |
| 08/11 | : 323500X 2% X 1/3=2157 |
| **ആകെ** | **31272** |

| | |
|---|---|
| ഈടാക്കേണ്ട ആകെ പിഴ | :31272/രൂപ |
| ഈടാക്കിയത് | :2650/രൂപ |
| കുറവ് | :28622/രൂപ |

നിയമാനുസൃത പിഴ ഈടാക്കിയതിൽ കുറവു വന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.47/26.02.2013). കുറവു വന്ന തുക 52854/ രൂപ (24232+28622)ഉത്തരവാദിയായ എഞ്ചി നിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15) മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - ടെണ്ടർ നടപടിക്രമത്തിൽ അപാകത:

1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം മരാമത്ത് പണികൾക്ക് ടെണ്ടർ ക്ഷണിച്ചശേഷം ലഭിച്ച ടെണ്ടർ സ്വീകാര്യ മല്ലെങ്കിൽ റീ ടെണ്ടർ ചെയ്യണം. റീ ടെണ്ടറിലും കരാറുകാരാരും മുന്നോട്ടു വരാതി രിക്കുക, മതിയായ ടെണ്ടർ ലഭിക്കാതിരിക്കുക, കൂടിയ നിരക്ക് ക്വാട്ട് ചെയ്തതിനാൽ പ്രവൃത്തി കരാറുകാരെ ഏല്പ്പിക്കാൻ പറ്റാതെ വരിക എന്നീ സാഹചര്യങ്ങളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി തദ്ദേശ സ്ഥാപനത്തിന്റെ അനുമതിയോടെ നെഗോഷിയേറ്റ് നടത്താവുന്നതാണ്. അപ്രകാരം നെഗോഷിയേഷൻ ചെയ്യുമ്പോൾ എസ്റ്റിമേറ്റ് നിരക്കിലോ അതിലും കുറഞ്ഞ നിരക്കിലോ മാത്രം പ്രവർത്തി ഏല്പ്പിക്കാവു ന്നതാണ്. എന്നാൽ ജില്ലാപഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷം താഴെ പയുന്ന

LOCAL FUND AUDIT DEPARTMENT

മരാമത്ത് പണികൾ ക്വട്ടേഷൻ മുഖാന്തിരം എസ്റ്റിമേറ്റ് നിരക്കിലും കൂടിയ നിരക്കിൽ കരാറുകാരെ ഏല്പിച്ചതായി കണ്ടു.

| | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | നിരക്ക് |
|---|---|---|---|
| 1 | പയ്യോളി എച്ച്.എസ്.എസിന് കെട്ടിട നിർമ്മാണം | ശ്രീ.സി.ബാലൻ | 15% അധികം |
| 2 | പെരുമണ്ണ എച്ച്.എസ്.എസ് ന് കെട്ടിടം പണിയൽ | ശ്രീ.സി.ബാലൻ | 15% അധികം |
| 3 | ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റിന് ചുറ്റുമതിൽ നിർമ്മാണം | ശ്രീ.എൻ.സഫ്നാസ് | 15% അധികം |
| 4 | വെള്ളിയോട് ഗവ.എച്ച്.എസ്.എസിന് അറ്റകുറ്റപ്പണി | ശ്രീ.സി.ബാലൻ | 15% അധികം |
| 5 | ഒറോക്കുന്ന് ഹരിജൻ കോളനി പരിഷ്ക്കരണം | ശ്രീ.സി.പൊന്നപ്പൻ | 15% അധികം |

ടെണ്ടറിലോ റീടെണ്ടറിലോ കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവൃത്തികൾ നെഗോസിയേഷൻ നടത്തി കരാറുകാരെ ഏല്പിക്കാവുന്നതാണ്. നെഗോഷിയേഷൻ നടന്നാൽ അനുവദിക്കാവുന്നത് എസ്റ്റിമേറ്റ് നിരക്കോ അതിൽ കുറവോ ആണ്. (ജി.ഒ(പി)322/03 ത.സ്വ.ഭ.വ തീയതി: 03.11.2003 ലെ ഖണ്ഡിക 4-1 കാണുക). ചട്ടവിരുദ്ധമായി മേൽ പ്രവൃത്തികൾ ക്വട്ടേഷൻ മുഖേനയും സർക്കാർ ഉത്തരവിന് വിരുദ്ധമായും എസ്റ്റിമേറ്റ് നിരക്കിലും അധികരിച്ച നിരക്കിൽ കരാറുകാരെ ഏല്പിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 3-16)മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം

### എ) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല.

എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2011-12 ൽ മരാമത്ത്പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 9,94,255/ രൂപകൺവീനർമാർക്ക് മുൻകൂർ/പാർട്ട് ബിൽ ആയി അനുവദിച്ചിട്ടുണ്ട്. ഒരു വർഷമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. എന്നാൽ ഓഡിറ്റ് തീയതി വരെ(31.03.13) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ പ്രൊജക്ട് നമ്പർ | കൺവീനർ | കൈപ്പറ്റിയ മുൻകൂർ/പാർട്ട്ബിൽ |
|---|---|---|---|
| 1 | സ്കൂളുകളിൽ പെൺകുട്ടികൾക്ക് ടോയ്ലറ്റും, വിശ്രമകേന്ദ്രവും നിർമ്മാണം പ്രൊജക്ട് 65/12 | പ്രിൻസിപ്പൽ ഗവ.എച്ച്.എസ്.എസ്, വെള്ളിയോട്. | 1,00,000 (ബിൽനം.143/21.03.12) (മുൻകൂർ) |
| 2 | സ്കൂളുകളിൽ പെൺകുട്ടികൾക്ക് ടോയ്ലറ്റും, വിശ്രമകേന്ദ്രവും നിർമ്മാണം പ്രൊജക്ട് 65/12 | പ്രിൻസിപ്പൽ, അത്തോളി ഗവ.എച്ച്.എസ്.എസ് | 1,00,000 (ബിൽ നം.144/ 21.03.12)(മുൻകൂർ) |

| | | | |
|---|---|---|---|
| 3 | -ടി- | പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, മാവൂർ | 1,00,000 (ബിൽ നം. 238/ 31.03.12)(മുൻകൂർ) |
| 4 | ഹെഡ്മാസ്റ്റർ മുറിനിർമ്മാണം പ്രൊജക്ട്: 110/12 | എച്ച്.എം കുറ്റിക്കാട്ടൂർ ജി.എച്ച്.എസ്.എസ് | 1,17,255/ (ബിൽ നമ്പർ ലഭ്യ മല്ല/2906.2011) (മുൻകൂർ) |
| 5 | എസ്.എസ്.എ അധിക ക്ലാസ് റൂം നിർമ്മാണം പ്രൊ: 18/12 | പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ് മണിയൂർ | 5,77,000/ ബിൽ നമ്പർ/തീയതി ലഭ്യമല്ല (പാർട്ട്ബിൽ) |
| | | **ആകെ** | **9,94,255/** |

മുൻകൂർ/പാർട്ട്ബിൽ നൽകിയ മേൽപ്പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ വിവ രം അറിയിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

**<u>ബി) കരാർ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നില്ല.</u>**

2010-2011 ൽ എഗ്രിമെന്റ് വെച്ചതും നിശ്ചിത കാലാവധിക്കകം പൂർത്തീകരി ക്കാത്തതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | പ്രൊജക്ട് നമ്പർ/ പേര്/ നിർവ്വഹണം/കരാറുകാരൻ | എസ്റ്റിമേറ്റ് തുക | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തീയതി | ചെലവ് |
|---|---|---|---|---|---|
| 1 | 141/12 മുതിർന്നപൗരന്മാർക്ക്വേണ്ടി യുള്ളകെട്ടിടനിർമ്മാണം ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത് കരാറുകാരൻ ശ്രീ.സി.ബാലൻ നിർവ്വഹണം:എക്സിക്യൂട്ടീവ് എഞ്ചിനിയർ | 56,40,000 വികസന ഫണ്ട് | 07.02.2011 | 07.02.2012 | 2410284 |
| 2 | 100/12 കോക്കല്ലൂർ എച്ച്. എസ്. എസിന് 6 ക്ലാസ്റൂം നിർമ്മാണം - ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് - കരാറുകാരൻ: കണ്ടബാലത്തെരു ലേബർകോൺട്രാക്ട് സൊസൈറ്റി നിർവ്വഹണം:എക്സിക്യൂട്ടീവ്എഞ്ചിനിയർ | 47,57,500/ (വികസന ഫണ്ട്) | 30.12.2009 | 09.12.2011 | 35,10,404 |
| 3 | പ്രൊജക്ട് : 37/12 ഹാച്ചറി നിർമ്മാണം ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് കരാറുകാരൻ: ശ്രീ.ജെ.ജെ.ജോണി നിർവ്വഹണം:എക്സിക്യൂട്ടീവ് എഞ്ചിനിയർ | 45,00,000 | 13.12.11 | 19.06.2012 | 7,30,839 |

മേൽ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ട താണ്.

## 3-17) തിക്കോടി തെങ്ങിൻതൈ നഴ്സറിയിലെ വിവിധ മെയിന്റനൻസ് പ്രവൃത്തികൾ: നിർവ്വഹണത്തിലെ അപാകതമൂലം ചെലവു തുക പാഴാകുന്നു.

ഫയൽ നമ്പർ : ഡി 748/011 പ്രൊജക്ട് നമ്പർ: 32/2012, 357/2012

ഡി-250/09(03)

കരാറുകാരൻ: തറമ്മൽ ശശി

ജില്ലാപഞ്ചായത്തിനു കീഴിലുള്ള തിക്കോടി തെങ്ങിൻതൈ നഴ്സറിയിൽ മെയിന്റ നൻസ് ഗ്രാന്റുപയോഗിച്ച് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ 2011-12 വർഷ ത്തിൽ നിർവ്വഹണം നടത്തിയ ക്വാർട്ടേഴ്സ് മെയിന്റനൻസ് പ്രവൃത്തികൾ ഓഡിറ്റിന്റെ ഭാഗമായി 18.02.2013 ൽ നേരിൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുകയുണ്ടായി.

**ക്വാർട്ടേഴ്സുകളുടെ റിപ്പയർ പ്രവൃത്തി - ഗുണനിലവാരം പാലിച്ചില്ല - എം.ബുക്കിൽ അളവു രേഖപ്പെടുത്തിയ പല പ്രവൃത്തികളും യഥാർത്ഥത്തിൽ പൂർത്തീകരിച്ചിട്ടില്ല.**

2011-12 വർഷത്തിൽ സ്പിൽഓവറായി നടപ്പാക്കിയ പ്രൊജക്ട് നം 32/2012 പ്രകാരം തിക്കോടി നഴ്സറിയിലെ പടിഞ്ഞാറെ ബ്ലോക്കിലുള്ള രണ്ടു ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ് പ്രവൃത്തിക്കായി 128897/ രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ അളവുപുസ്തകം എന്നിവ പ്രകാരം രണ്ടാം നമ്പർ ക്വാർട്ടേഴ്സിൽ 14.34 ചതുരശ്ര മീറ്റർ വാൾടൈൽസ് പതിച്ചതിന് പ്രവൃത്തി ഇനം 267 ച.മീറ്ററിന് 792/ രൂപ നിരക്കിൽ 11,357/ രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തിയിനം 17 പ്രകാരം 1000 ലിറ്ററിന്റെ സിന്റക്സ് വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് 3850/ രൂപയും അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റ് വിഭാഗം നടത്തിയ ഭൗതിക പരിശോധനയിൽ രണ്ടാം നമ്പർ ക്വാർട്ടേ ഴ്സിലെ വാൾടൈൽസ് മിക്കതും പൊളിഞ്ഞു പോയതായി കണ്ടു. വാഷ്ബേസിന്റെ ഭാഗത്ത് ചുമരിൽ പതിച്ച ടൈൽസ് തീർത്തും അടർന്നുപോയിട്ടുണ്ട്. അടുക്കളയുടെ ഭാഗത്തുള്ളതും ആകെ പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു. ക്വാർട്ടേഴ്സിൽ സ്ഥാപിക്കുന്നതി നായി വാങ്ങിയ 1000 ലിറ്ററിന്റെ സിന്റക്സ് വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടില്ല. നാളിതുവരെ പ്രസ്തുത ടാങ്ക് ഉപയോഗിച്ചിട്ടില്ല. നേരത്തേയുണ്ടായിരുന്ന കോൺക്രീറ്റു കൊണ്ടു

LOCAL FUND AUDIT DEPARTMENT

നിർമ്മിച്ച വാട്ടർ ടാങ്കാണ് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത ടാങ്കിന് ചോർച്ചയുള്ളതിനാൽ വെള്ളം മുകളിൽനിന്നും അടുക്കളയുടെ ചുമരിലൂടെ ഒലിച്ചിറങ്ങുന്നുണ്ട്.

മേൽ പറഞ്ഞ പ്രവൃത്തികൾ കരാറുകാരൻ ഗുണനിലവാരമില്ലാതെയാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാണ്. വാട്ടൽ ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തിയും നടത്തിയതായാണ് ഫൈനൽ ബിൽ പ്രകാരം കാണിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 44/22.02.2013 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നൽകിയ മറുപടിയിൽ കോൺക്രീറ്റ് ടാങ്കിനു പകരം സിന്റക്സ് ടാങ്ക് സ്ഥാപിച്ചിട്ടില്ലെന്നും ആയത് ക്വാർട്ടേഴ്സിലെ താമസക്കാരൻ ആവശ്യപ്പെട്ട പ്രകാരം ക്വാർട്ടേഴ്സിന്റെ താഴെ വെയ്ക്കുകയുമാണുണ്ടായതെന്നും അറിയിച്ചു.

ചെയ്ത പ്രവൃത്തിയുടെ കൃത്യതയും ഗുണനിലവാരവും ഉറപ്പു വരുത്തേണ്ടത് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന എഞ്ചിനിയറുടെ ചുമതലയാണ്. ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി വ്യക്തമാണ്. മേൽവിവരിച്ച പ്രവൃത്തികളിലെ ന്യൂനതകൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവു തുക ഉത്തരവാദിയായ എഞ്ചിനിയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. 1000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിക്കാത്ത സാഹചര്യത്തിൽ ഈയിനത്തിലെ ചെലവ് 3850/ രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവു തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-18) ആവള കുട്ടോത്ത് ഗവ.ഹയർ സെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം - മിച്ചം വന്ന മണ്ണ് ലേലം ചെയ്തില്ല.**

പ്രൊജക്ട് :105/12
പ്രവൃത്തി :ആവള കുട്ടോത്ത് ഗവ.ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം.
അടങ്കൽ : 1,45,61,000/രൂപ (85% നബാർഡ് വിഹിതം
15% ജില്ലാ പഞ്ചായത്ത് വിഹിതം)
നിർവ്വഹണം : സെക്രട്ടറി, ജില്ലാ പഞ്ചായത്ത്
കരാറുകാരൻ : ശ്രീ.എം.പ്രേമരാജൻ

1,34,82,917/ രൂപ ചെലവിൽ ആവള കുട്ടോത്ത് ഗവ.ഹയർ സെക്കന്ററി സ്കൂൾ കെട്ടിടം പണി 2008-09 ൽ തുടങ്ങി 30.05.2011 ൽ പൂർത്തിയാക്കി. പ്രവൃത്തിയുടെ ഫയൽ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ പ്രവൃത്തിയിൽ ബാക്കി വന്ന 3400എം$^3$

മണ്ണ് ലേലം ചെയ്യാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയതായി കണ്ടു(സെക്രട്ടറിയുടെ 11/2012 ലെ പി.ഇ.32437നമ്പർ എഴുത്ത്). ഇപ്രകാരം ലേലം നടത്തി ലഭിച്ച തുക ജില്ലാ പഞ്ചായത്തിൽ അടച്ചതിന്റെ വിശദാംശം ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.61/12 തീയതി: 22.03.12) മറുപടി ലഭിച്ചിട്ടില്ല. മിച്ചം വന്ന മണ്ണ് ലേലം നടത്തിയതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്.

### 3-19) <u>സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ആസ്തിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല:</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി വിവര ശേഖരണം നടത്തി 2005-06 ൽ ആസ്തി രജിസ്റ്റർ പൂർത്തിയാക്കി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം തയ്യാറാക്കിയ രജിസ്റ്റർ അപാകതകൾ പരിഹരിച്ച് 2010 മാർച്ച് 15 നകം പൂർത്തിയാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് നം. 58608/ഡി.ബി.2/ 09/തസ്വഭവ/തീ: 13.01.09 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഡാറ്റാ എൻട്രി പൂർത്തിയാക്കിയ രജിസ്റ്റർ പ്രിന്റ് എടുത്ത് പരിശോധിച്ച് ന്യൂനതകളില്ലെന്ന് ഉറപ്പു വരുത്തി ഭരണ സമിതി യുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും സെക്രട്ടറിയും എഞ്ചിനിയറും സാക്ഷ്യപ്പെടു ത്തി തദ്ദേശ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് ഇപ്ര കാരം ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പരിശോധനക്ക് ഹാജരാക്കിയ ആസ്തി രജിസ്റ്റർ പഴയ രീതിയിലുള്ളതും പല വിശദാംശങ്ങളും പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. റോഡുകൾ, ലെയിനു കൾ, പാലങ്ങൾ എന്നിവയെ സംബന്ധിച്ച രജിസ്റ്റർ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെയും ജില്ലാ പഞ്ചായത്തിനു കൈമാറി കിട്ടിയ ആസ്തികളുടേയും വിവരങ്ങൾ ചേർത്തിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ആസ്തി കളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ കാലികമാക്കി ഡിജിറ്റലൈസ് ചെയ്തു സൂക്ഷി ക്കാതിരുന്നത് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ജില്ലാപഞ്ചായത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ടു പോകാതിരിക്കാൻ സർക്കാർ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

### <u>3-20) പേരാമ്പ്ര വിത്തുല്പാദന കേന്ദ്രത്തിൽ യന്ത്രഷെഡ് നിർമ്മാണം - ഷെഡിന്റെ ഷട്ടർ തകർന്ന നിലയിൽ:</u>

LOCAL FUND AUDIT DEPARTMENT

നിർവ്വഹണം :അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൃഷി

പ്രൊജക്ട് നമ്പർ : 4/12

ഫയൽ നമ്പർ ; ഡി 742/11 (എ)

എഗ്രിമെന്റ് നമ്പർ :11/13.02.12

എസ്റ്റിമേറ്റ് തുക : 4,60,000/

തുക :3,95,065 (ബിൽ നം.31/ 12 തീയതി: 31.03.12)

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 11 ഉം 12 ഉം ഇനങ്ങളിലായി ഷെഡിന് ഷട്ടർ സ്ഥാപിക്കുന്നതിന് (26460+2380) ആകെ 28840/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 07.02.13 ന് നടത്തിയ സ്ഥല പരിശോധയിൽ പ്രസ്തുത ഷട്ടർ പൊളിഞ്ഞ നിലയിൽ കാണപ്പെട്ടു. 22.03.13 ന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷമാകുമ്പോഴേക്കും ഷട്ടർ പൊളിഞ്ഞത് പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ നഷ്ടോത്തരവാദത്തിൽ ഷട്ടർ റിപ്പയർ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 3-21) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - ഫണ്ട് വിനിയോഗത്തിലെ അപാകതകൾ :

### എ) ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ തുക നൽകി.

പ്രൊജക്ട് നമ്പർ : 137/12

തുക :19,39,698 ബിൽ നം. 3/24.02.2012

നിർവ്വഹണം :ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

ജില്ലാപഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി നടപ്പിലാക്കുന്ന ഈ പ്രൊജക്ടു പ്രകാരം ഗ്രാമ പഞ്ചായത്തു തയ്യാറാക്കുന്ന പ്രൊജക്ടിൽ ജില്ലാപഞ്ചായത്തു വിഹിതമായി വകയിരുത്തുന്ന തുക മാത്രമാണ് ജില്ലാപഞ്ചായത്ത് ഗ്രാമ പഞ്ചായത്തുകൾക്കു നൽകേണ്ടത്. എന്നാൽ ഇപ്രകാരം വകയിരുത്തിയ തുകയേക്കാൾ അധികം തുക ജില്ലാപഞ്ചായത്ത് ഏതാനും ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | ഗ്രാമ പഞ്ചായത്തിന്റെ പേര് | പ്രൊജക്ടിൽ വകയിരുത്തിയ ജില്ലാപഞ്ചായത്ത് വിഹിതം | നൽകിയ തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എടച്ചേരി | 15,000 | 30,000 | 15,000 |
| 2 | പുറമേരി | 6,149 | 12,298 | 6,149 |
| 3 | മണിയൂർ | 66,800 | 67,080 | 280 |
| 4 | ബാലുശ്ശേരി | 60,000 | 96,000 | 36,000 |
| 5 | ചേമഞ്ചേരി | 20,000 | 32,000 | 12,000 |
| 6 | നരിക്കുനി | 43,000 | 48,000 | 5,000 |
| 7 | മുക്കം | 75,000 | 1,20,000 | 45,000 |
| 8 | പെരുമണ്ണ | 20,000 | 32,000 | 12,000 |
| 9 | അരിക്കുളം | 10,000 | 12,400 | 2,400 |
| 10 | | | **ആകെ അധികം** | **1,33,829** |

വികസന ഫണ്ടിന്റെ ചെലവ് ശതമാനം കൂട്ടിക്കാണിക്കുന്നതിനായി ഇപ്രകാരം ഗ്രാമ പഞ്ചായത്തുകൾ ആവശ്യപ്പെടുന്നതിനേക്കാൾ, അതായത് ഗ്രാമ പഞ്ചായത്തിന്റെ അംഗീകരിച്ച പ്രൊജക്ട് കണക്കിലെടുക്കാതെ അധികം തുക നൽകുന്നത് വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി നൽകിയ തുക 1,33,829/ രൂപ തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തുകൾ പ്രൊജക്ടു നടപ്പിലാക്കിയതിന്റെ ജില്ലാ പഞ്ചായത്തുവിഹിതം വിനിയോഗിച്ചതിന്റേയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അംഗീകരിച്ച പ്രൊജക്ടിൽ വകയിരുത്തിയതിലധികമായി ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിച്ച തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

<u>**ബി) അംഗീകരിച്ച പ്രൊജക്ട് പ്രകാരമല്ലാതെ പദ്ധതി നടപ്പാക്കി.**</u>

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകുകയാണ് മേൽ പ്രൊജക്ടിന്റെ ലക്ഷ്യം. എന്നാൽ കോട്ടൂർ ഗ്രാമ പഞ്ചായത്തു തയ്യാറാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സംരക്ഷണവും, സഹായവും പരിപാലനവും എന്ന പ്രൊജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 32/11-12) ഇത്തരത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന് 3,40,000/ രൂപ നൽകിയിട്ടുണ്ട്. ഈ തുക പ്രസ്തുത ആവശ്യത്തിന് ചെലവഴിച്ചതിന്റെ വിശദാംശം കോട്ടൂർ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.) അംഗീകരിച്ച പ്രൊജക്ടിനു വിരുദ്ധമായി തുക ചെലവഴിച്ച നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്.

<u>**3-22)മാതൃകാ പുൽകൃഷിത്തോട്ടം(വനിത)-ഗുണഭോക്താക്കൾ തുക**</u>

**<u>കൈപ്പറ്റിയതിന് രേഖകളില്ല:</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഡപ്യൂട്ടി ഡയറക്ടർ(ഡയറീസ്)

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | | :33/12 |
| അടങ്കൽ | : | 9,90,000(വികസന ഫണ്ട്) |
| | | <u>20,10,000</u>(ഗുണഭോക്തൃ വിഹിതം) |
| ആകെ | | 30,00,000 |
| ചെലവ് | | 3,63,000 ബിൽ നം.1/24.03.12 |
| | | <u>6,27,000</u> ബിൽ നം.2/29.03.12 |
| ആകെ | | 9,90,000 |
| | | ========= |

ജില്ലയിലെ തെരഞ്ഞെടുത്ത ക്ഷീര സഹകരണ സംഘങ്ങളിലെ 10 വനിതാ ക്ഷീര കർഷകർ ഉൾപ്പെടുന്ന ഗ്രൂപ്പിന് പുൽകൃഷി നടത്തുന്നതിന് സബ്സിഡി നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഒരാൾക്ക് 3300/ രൂപ വീതം 10 പേർക്ക് 33,000/ രൂപയാണ് സബ്സിഡി. മേലടി, കൊടുവള്ളി, ചേളന്നൂർ, ബാലുശ്ശേരി, കുന്ദമംഗലം, പേരാമ്പ്ര ,കുന്നുമ്മൽ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലായി 30 സംഘങ്ങൾക്ക് 33,000/ രൂപ വീതം ആകെ 9,90,000/ രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹ ണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഓരോ ഗ്രൂപ്പിലേയും 10 വനിതകൾക്ക് 3300/ രൂപ വീതം നൽകുന്നതിനാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) 31.03.12 ന് എടുത്ത ഡ്രാഫ്റ്റുകൾ 6/12 ലാണ് സംഘങ്ങൾക്ക് നൽകിയത്. 12.04.06 ലെ ജി.ഒ(പി)നം.177/06 ലെ ഖണ്ഡിക 8.4 പ്രകാരം വിതരണം ചെയ്യാനാകാത്ത ഡി.ഡി. തുകകൾ മാസാവസാനം ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഉത്തരവിന് വിരുദ്ധമായി 2 മാസത്തിലധികം ഡി.ഡി.കൈവശം വെച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 19.11.12 ലെ8/11-12 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവു തുക 9,90,000/ രൂപ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

**3-23) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി - സാക്ഷരത (ഉണർവ്വ്) - പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരമില്ല - വികസനഫണ്ട് വിഹിതം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഡപ്യൂട്ടി ഡയറക്ടർ(വിദ്യാഭ്യാസം) |
| പ്രൊജക്ട് നമ്പർ | : 97/12 |
| അടങ്കൽ | :8,00,300(വികസന ഫണ്ട്) |
| | 1,35,250 (ഗുണഭോക്തൃ വിഹിതം) |
| **ആകെ** | **9,35,550 രൂപ** |
| | = = = = = |
| ചെലവ് | 1,42,894/രൂപ ബിൽ നം.5/21.03.12 |
| | 2,17,380 രൂപ ബിൽ നം. 10/31.03.12 |
| | 88,803 രൂപ ബിൽ നം 12/31.03.12 |
| **ആകെ** | **4,49,077 രൂപ** |
| | = = = = = |

ജില്ലയിൽ 4-ാംതരം വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത മുഴുവൻ ആളുകൾക്കും തുല്യത 4-ാം തരം വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോഴിക്കോട് ജില്ലയിലെ 44 ഗ്രാമ പഞ്ചായത്തുകളിലായി പദ്ധതി നടപ്പിലാക്കുന്നതിന് മേൽ പറഞ്ഞ പ്രകാരം 4,49,077/ രൂപ ജില്ലാ സാക്ഷരതാ മിഷന്റെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. തുക കോർഡിനേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിയിൽ നിന്ന് 4-ാം തരം തുല്യതാ പാഠപുസ്തകം(5000 എണ്ണം) വാങ്ങുന്നതിന് 2,50,000 രൂപ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ടെങ്കിലും 1,00,000/ രൂപയ്ക്കുള്ള പുസ്തകം (2000 എണ്ണം) മാത്രമേ വാങ്ങിയിട്ടുള്ളൂ. ബാക്കിയുള്ള 1,50,000 രൂപ കോ-ഓർഡിനേറ്ററുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പിൻവലിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ചെലവഴിക്കാതെ വച്ചിരിക്കുന്ന വികസന ഫണ്ട് തുക പലിശയടക്കം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

2) സാക്ഷരതാ മിഷൻ അതോറിറ്റിയിൽ നിന്ന് ലഭിച്ച 2000 പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

3) താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി 33,900/ രൂപ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിൽ നിന്നുള്ള കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| എ) | 5000 പോസ്റ്റർ തയ്യാറാക്കിയതിന' സിനി പ്രിന്റേഴ്സ്, കാക്കൂർ എന്ന സ്ഥാപനത്തിന' നൽകുന്നതിന' | 15,000/ രൂപ |
| ബി) | 5000 സ്റ്റിക്കർ, 1000 ഹാജർ പുസ്തകം എന്നിവ തയ്യാറാക്കിയതിന' കണ്ണൻസ് ഓഫ്സെറ്റ് പ്രിന്റിംഗ്, ബാലുശ്ശേരി എന്ന സ്ഥാപനത്തിന' നൽകുന്നതിന' | 18,900/രൂപ |
| | **ആകെ** | **33,900/രൂപ** |

മേൽ സ്ഥാപനങ്ങളുടെ പേരിൽ ചെക്ക് വഴി തുക പിൻവലിച്ചതായി ബാങ്ക് പാസ്ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

4)സാക്ഷരതാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റികൾ(ജില്ലാ ബ്ലോക്ക്, ഗ്രാമ) 3 ഘട്ടങ്ങളിലായി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഒരു ബാഹ്യ ഏജൻസിയെക്കൊണ്ട് പദ്ധതി മൂല്യനിർണ്ണയം നടത്തി റിപ്പോർട്ട് പ്രകാശനം ചെയ്യേണ്ടതുമാണെന്ന് പ്രൊജക്ടിൽ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും അപ്രകാരമൊരു മോണിട്ടറിംഗ് നടത്തി യിട്ടില്ല. കൂടാതെ പദ്ധതി പ്രകാരം എത്ര പേർ 4-ാം തരം തുല്യതാ പരീക്ഷ എഴുതി എത്രപേർ വിജയിച്ചു തുടങ്ങിയ വിവരങ്ങളൊന്നും പ്രൊജക്ടിന്റെ ഫയലിൽ ലഭ്യമല്ലാത്തതിനാൽ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചോ എന്നത' പരിശോധിക്കാനായിട്ടില്ല.

മുകളിൽ കൊടുത്ത അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച 4,49,077/ രൂപ തടസ്സത്തിൽ വെക്കുന്നു.

**<u>3-24) എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം വിതരണം ചെയ്തതിന' രേഖയില്ല - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല:</u>**

പ്രൊജക്ട് നമ്പർ : 135/12

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

| ബിൽ നമ്പർ | തുക |
|---|---|
| 2/06.02.2012 | 185278 |
| 7/17.03.2012 | 99239 |

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| 8/28.03.2012 | 196878 |
| 12/30.03.12 | 196436 |
| **ആകെ** | **6,77,831** |

എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര കുറവു മൂലം രോഗങ്ങൾ വരാതിരിക്കുന്നതിന് പോഷകാഹാരങ്ങൾ ലഭ്യമാക്കുന്നതിനുള്ളതാണ് പ്രൊജക്ട്. എച്ച്.ഐ.വി ബാധിതരെ ചികിത്സിക്കുന്ന ആന്റി റിട്രോ വൈറൽ തെറാപ്പി സെന്റർ എന്ന സംഘടനയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നവരും ചെയ്യുന്നവരുമായ എല്ലാ എച്ച്.ഐ.വി.രോഗികൾക്കും പോഷകാഹാരം നൽകുന്നതിന് ആവശ്യമായ തുക, ബിൽ തുകയും കൈപ്പറ്റ് രശിതിയും ഹാജരാക്കുന്ന മുറയ്ക്ക് കോഴിക്കോടുള്ള പ്രത്യാശാകേന്ദ്രം എന്ന സ്ഥാപനത്തിന് നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.03.10 ലെ 923/10 തസ്വഭവ ഉത്തരവ് പ്രകാരം, എച്ച്.ഐ.വി ബാധിതർക്കുള്ള പോഷകാഹാര പ്രൊജക്ടുകൾ ജില്ലാപഞ്ചായത്ത് ഗ്രാമപഞ്ചായത്തുകളും സംയുക്തമായി നടപ്പാക്കേണ്ടതും, ഗ്രാമ പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തൻവർഷം ജില്ലാപഞ്ചായത്ത് ഈ പ്രൊജക്ട് നേരിട്ട് നടപ്പാക്കുകയാണുണ്ടായത്.

2)തൻവർഷം എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി 6,77,831/ രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും രോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ പദ്ധതി മോണിട്ടർ ചെയ്തതായി കാണുന്നില്ല.

3)നിലവിൽ രജിസ്റ്റർ ചെയ്ത എയ്ഡ്സ് രോഗികളുടെ എണ്ണം കാണിക്കുന്ന വിശദാംശം സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 5/17.11.12 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മുകളിൽ കൊടുത്ത അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പോഷകാഹാരം അർഹതപ്പെട്ട ഗുണഭോക്താക്കൾക്കു തന്നെ ലഭിക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 3-25) പേരാമ്പ്ര വനിതാ ഹോസ്റ്റൽ നടത്തിപ്പ് - ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

LOCAL FUND AUDIT DEPARTMENT

ഉദ്യോഗസ്ഥകളായ വനിതകൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യ മാക്കുക; ഔദ്യോഗിക ആവശ്യത്തിനോ പരീക്ഷകൾക്കോ, കൂടികാഴ്ചകൾക്കോ എത്തി ച്ചേരുന്ന വനിതകൾക്ക് താല്ക്കാലിക താമസസൗകര്യം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ലക്ഷ്യം വെച്ച് പേരാമ്പ്ര ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ച, പേരാമ്പ്ര വനിതാ ഹോസ്റ്റലിന്റെ നിയമാവലി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.07.2008 ലെ 45898/എസി3/08/തസ്വഭവ പ്രകാരം അംഗീകരിച്ചുത്തരവായിട്ടുണ്ട്. നിലവിൽ ഹോസ്റ്റലിൽ 27 താമസക്കാരുണ്ട്. ഹോസ്റ്റലിന്റെ പ്രവർത്തനം വിലയിരുത്തിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധിക്ക പ്പെട്ടു.

1) നിയമാവലി ഖണ്ഡിക 5 അനുസരിച്ച് ഹോസ്റ്റലിന്റെ ദൈനംദിന കാര്യ നിർവ്വഹണ ത്തിനായി ഒരു നിർവ്വഹണ സമിതി രൂപീകരിക്കേണ്ടതും നിർവ്വഹണ സമിതി കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതുമാണ്. എന്നാൽ മിനിട്ട്സ് പരി ശോധിച്ചതിൽ 16.09.10 നു ശേഷം 24.05.2011 നും, 29.09.2011 നു ശേഷം 30.11.11 ലും, 11.07.2012 നു ശേഷം 16.11.12 ലും അതിനു ശേഷം 19.01.2013 ലുമാണ് നിർവ്വഹണ സമിതി യോഗം ചേർന്നിട്ടുള്ളത്.

2) നിയമാവലി ഖണ്ഡിക 14(V ) പ്രകാരവും ജില്ലാപഞ്ചായത്തിന്റെ 25.07.11 ലെ 37/11(19) തീരുമാന പ്രകാരവും ഹോസ്റ്റലിന്റെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാവുന്ന കരുതൽ തുക 15,000/ രൂപയാണ്. എന്നാൽ ഹോസ്റ്റലിന്റെ പേരാമ്പ്ര റീജിയണൽ കോ-ഓപ്പ റേറ്റീവ് ബാങ്കിന്റെ 13120(അക്കൗണ്ട് നമ്പർ) അക്കൗണ്ടിൽ 21.01.2013 ന് 91,882/ രൂപ നിക്കി യിരിപ്പുണ്ട്. 15,000/ ൽ അധികം വരുന്ന തുക ജില്ലാപഞ്ചായത്ത് അടവാക്കേണ്ടതാണ്.

3)ഹോസ്റ്റലിലെ താമസക്കാരുടെ വിശദവിവരം രേഖപ്പെടുത്തുന്ന അഡ്മിഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. നിലവിൽ ഉപയോഗിച്ചുവരുന്ന രജിസ്റ്ററിൽ പേരും മേൽ വിലാസവും മാത്രമേ എഴുതുന്നുള്ളൂ. ഹോസ്റ്റലിൽ പ്രവേശിച്ച തീയതി, വിടുതൽ ചെ യ്ത തീയതി ഇവ രേഖപ്പെടുത്തുന്നില്ല. 30.05.2012 നും 05.12.2011 നും ഹോസ്റ്റലിൽ നിന്നും വിടുതൽ ചെയ്ത അന്തേവാസികൾക്ക് യഥാക്രമം 7,500/ രൂപയും 10,500/ രൂപയും കോഷൻ ഡിപ്പോസിറ്റ് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ അഡ്മിഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ പണമിടപാടിന്റെ കൃത്യത പരിശോധിക്കാനായില്ല.

4) നിയമാവലി ഖണ്ഡിക 13(IV) അനുസരിച്ച് ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പായി മുൻമാസത്തെ വരവ്ചെലവുകൾ, മേട്രൻ നിർവ്വഹണ സമിതി കൺവീനർക്ക്

LOCAL FUND AUDIT DEPARTMENT

സമർപ്പിക്കേണ്ടതും കൺവീനർ അത് നിർവ്വഹണ സമിതിയുടെ അടുത്ത യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ തൻവർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ, വൗച്ചറുകളൊന്നും നിർവ്വഹണസമിതി കൺവീനറോ പ്രസിഡന്റോ അധികൃതമാക്കുകയോ സമിതിയിൽ അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ലെന്നു കണ്ടു. മേട്രൻ സ്വന്തം നിലയിൽ വൗച്ചറുകൾ എഴുതി തുക ചെലവു ചെയ്യുന്ന രീതിയാണുള്ളത്.

5) നിയമാവലി ഖണ്ഡിക 7(11) പ്രകാരം ഹോസ്റ്റൽ താമസക്കാർ, എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി വാടക അടയ്ക്കേണ്ടതാണ്. താമസം വരുത്തുന്ന ഓരോ ദിവസത്തിനും, (പൊതുസമിതി ജില്ലാപഞ്ചായത്ത് അംഗീകാരത്തോടെ നിശ്ചയിക്കുന്ന) പിഴ ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ താമസക്കാർ വാടക അടവാക്കുന്ന രശീത് പരിശോധിച്ചതിൽ, മിക്കവാറും മാസങ്ങളിലും വാടക അടവാക്കുന്നതിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ലെന്നു കണ്ടു. ഉദാഹരണത്തിന' സെപ്തംബർ 2011 ലെ വാടക 352 മുതൽ 362 വരെയുള്ള രശീതുകളിലായി 16.10.11 നാണ് ഈടാക്കിയത്. പിഴ ഈടാക്കിയിട്ടില്ല.

6) അന്തേവാസികളിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള രശീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രശീത് ബുക്കുകൾ തുടർച്ചയായ നമ്പറുകളിലല്ല പ്രിന്റ് ചെയ്യുന്നത്. രശീത് പ്രകാരം ലഭിക്കുന്ന തുകകൾ രേഖപ്പെടുത്തുന്നതിന' കളക്ഷൻ രജിസ്റ്റർ, ഓരോ മാസങ്ങളിലും ഓരോ അന്തേവാസികളിൽ നിന്നും ലഭിക്കേണ്ട വാടക നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാടക കൃത്യമായി അടവ് വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുക സാധ്യമല്ല.

7)വൗച്ചറുകൾ നമ്പറിട്ടു സൂക്ഷിക്കുകയോ വൗച്ചറുകളോടൊപ്പം ചെലവുകൾക്കാധാരമായ കൈപ്പറ്റ് രശീത്, ബില്ലുകൾ മുതാലയവ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഉദാഹരണത്തിന' വാട്ടർ ടാങ്കിന' ഷീറ്റ് സ്ഥാപിച്ച വകയിൽ 15120/ രൂപ 05.12.11 ന' ശ്രീനിവാസൻ, മേപ്പയ്യൂർ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ വിശദാംശം വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല.നിയമാവലിയുടെ ഖണ്ഡിക 13(III)അനുസരിച്ച് കണക്കുകൾ എഴുതി സൂക്ഷിക്കുന്നുവെന്ന' ഉറപ്പുവരുത്തേണ്ടതും രണ്ടാഴ്ചയിലൊരിക്കൽ ക്യാഷ്ബുക്ക് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതും നിർവ്വഹണസമിതി കൺവീനറുടേയും അദ്ധ്യക്ഷരുടേയും ചുമതലയാണ്. എന്നാൽ ഇപ്രകാരം പരിശോധനകൾ നടക്കുന്നില്ല.

LOCAL FUND AUDIT DEPARTMENT

സ്ഥാപനത്തിന്റെ ബൈലോയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും പണമിടപാടുകളിലെ സുതാര്യത ഉറപ്പ് വരുത്തേണ്ടതും മേൽ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**3-26)പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ പദ്ധതി- നിർവ്വഹണത്തിൽ വീഴ്ച:**

പ്രൊജക്ട് നമ്പർ : 250/12 അടങ്കൽ 10 ലക്ഷം രൂപ (വികസന ഫണ്ട്)

നിർവ്വഹണം ; ഡപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

ചെലവ് : 3,34,500/(ബിൽ നം.2/11-12 തീയതി: 18.03.12)

LOCAL FUND AUDIT DEPARTMENT

സഹവാസ ക്യാമ്പ്, രക്ഷാകർതൃ സംഗമം, റിസോഴ്സ്ബുക്ക് വിതരണം എന്നിവ വഴി ഹൈസ്കൂൾതല പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുകയാണ് പദ്ധതി ലക്ഷ്യം.- 10 ലക്ഷം രൂപ വകയിരുത്തിയതിൽ 3,34,500/ രൂപ ചെലവഴിച്ചു.

40 പേരടങ്ങുന്ന വിദ്യാർത്ഥി ഗ്രൂപ്പിന് 4 ദിവസത്തെ സഹവാസ ക്യാമ്പ് 12 എണ്ണം വിവിധ ഹൈസ്കൂളുകളിൽ നടത്തുക, രക്ഷാകർതൃ സംഗമം 50 പേരടങ്ങുന്ന ഗ്രൂപ്പിന് 3 ദിവസം നീണ്ടു നിൽക്കുന്ന 15 ക്യാമ്പ് സംഘടിപ്പിക്കുക, റിസോഴ്സ് ബുക്ക് വിതരണം നടത്തുക എന്നിവയാണ് നടത്തേണ്ട പ്രവർത്തനങ്ങൾ.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ കൊടുത്ത വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

1) പ്രവർത്തന കലണ്ടർ പ്രകാരം 2011-12 ൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

2)വിദ്യാർത്ഥി സഹവാസ ക്യാമ്പുകൾ ആകെ 3 എണ്ണം മാത്രമേ നടത്തിയിട്ടുള്ളൂ (06.01.2012 മുതൽ 09.01.2012 വരെ ലിറ്റിൽ ഫ്ളവർ ഇ.എം.സ്കൂൾ, കാക്കൂരിൽ നടന്ന ക്യാമ്പ്, ബാലുശ്ശേരി പഞ്ചായത്ത് ഹാളിൽ വെച്ച് 14.01.12 ന് നടന്ന ക്യാമ്പ്, മടപ്പള്ളി ജി.എച്ച്.എസ്.എസിൽ 05.01.12 മുതൽ 08.01.12 വരെ നടന്ന മൂന്ന് ദിവസ ക്യാമ്പ്)

3) നടന്ന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

പഠന നിലവാരമുയർത്തൽ ലക്ഷ്യമാക്കി തയ്യാറാക്കിയ പ്രൊജക്ടുകൾ ഭാഗികമായി മാത്രം ചെയ്യുക വഴി ലക്ഷ്യപ്രാപ്തി കൈവരിക്കാതിരിക്കുകയാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**3-27) ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കപ്പെടുന്നില്ല.**

**1)പട്ടികവർഗ്ഗ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ**

1) ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ വിവിധ വർഷങ്ങളിൽ നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ പ്രൊജക്ട്ടുകൾ പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിലായി അവ ശേഷിക്കുന്നു. 2004-05 വർഷം മുതലുള്ള പ്രൊജക്ട്ടുകൾ സ്പിൽ ഓവറായി തുടരുകയാണ്. 01.04.07 നു മുമ്പ് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെട്ടതും നിർമ്മാണം പൂർത്തിയാക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനായി 17.02.2011 തീയതിയിലെ ജി.ഒ(ആർ.ടി) 497/2011/ തസ്വഭവ ഉത്തരവു പ്രകാരം പദ്ധതി തയ്യാറാക്കി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

2004-05 വർഷം മുതൽ 2010-11 വർഷം വരെ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പ്രൊജക്ട്ടുകൾ പ്രകാരം നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2004-05 | 08 |
| 2005-06 | 04 |
| 2006-07 | 07 |
| 2007-08 | 20 |
| 2009-10 | 02 |
| 2010-11 | 06 |
| **ആകെ** | **47** |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ട്: സ്ഥലം നൽകുന്ന 398 കുടുംബങ്ങൾക്ക് എസ്.ജി.ആർ.വൈ മാച്ചിംഗ് ഗ്രാന്റ് (269/12)**

അടങ്കൽ : 558000 (വികസന ഫണ്ട്)

| | | |
|---|---|---|
| ചെലവ് : | 46000 | ബിൽ നം. 20/30.03.12 |
| | 63000 | ബിൽ നം. 2/25.11.11 |
| | 36000 | ബിൽ നം. 7/29.12.11 |
| | 36000 | ബിൽ നം. 10/31.01.12 |
| | 13000 | ബിൽ നം. 13/21.02.12 |
| **ആകെ** | **1,94,000** | |

ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. 2003-04 വർഷം ആരംഭിച്ച ഭവന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന പരമാവധി ധന

LOCAL FUND AUDIT DEPARTMENT

സഹായം 50,000/ രൂപയാണ്. പദ്ധതി ആരംഭിച്ച് 9 വർഷമായിട്ടും 358 ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടില്ല. പദ്ധതി പ്രകാരം ആദ്യഗഡുക്കൾ കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**3-28)മുൻകൂറുകൾ ക്രമീകരിച്ചില്ല:**

